www.malankaralibrary.com

**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

**പുനരൈക്യ ശതാബ്ദി ആഘോഷ ഒരുക്കം 2030**

# വചനവർഷം

**2024 സെപ്തംബർ 20 – 2025 സെപ്തംബർ 19**

**എന്റെ വചനത്തിൽ വസിക്കുക**

**(യോഹ 15:7)**

## മനഃപാഠമാക്കേണ്ട ബൈബിൾ വാക്യങ്ങൾ

Prepared By
Synodal Commission for Bible Apostolate
Major Archiepiscopal Curia
Catholicate Centre
Trivandrum, Kerala, India

www.malankaralibrary.com

## ഉള്ളടക്കം


| | | |
|---|---|---|
| 1. | വിശ്വാസം (Faith) | : 1-15 |
| 2. | പ്രത്യാശ (Hope) | : 16-30 |
| 3. | സ്നേഹം (Love) | : 31-49 |
| 4. | ദൈവവചനം (Word of God) | : 50-83 |
| 5. | പ്രാർത്ഥന (Prayer) | : 84-102 |
| 6. | സ്ഥിരത (Steadfast) | :103-118 |
| 7. | ശുശ്രൂഷ (Service) | : 119-133 |
| 8. | കരുണയും അനുകമ്പയും (Mercy and Compassion) | : 134-149 |
| 9. | ബലി (Sacrifice) | : 150-162 |
| 10. | അനുസരണം (Obedience) | : 163-180 |
| 11. | സമാശ്വാസം (Consolation) | : 181-201 |
| 12. | സഹനവും സ്ഥിരോത്സാഹവും (Suffering and Perseverance) | : 202-208 |
| 13. | ദൈവപരിപാലനം (Providence of God) | : 209-220 |
| 14. | സൗഖ്യം (Healing) | : 221-232 |
| 15. | നീതീകരണം (Justification) | : 233-242 |
| 16. | രക്ഷ (Salvation) | : 243-251 |
| 17. | പാപം (Sin) | : 252-269 |
| 18. | പരിശുദ്ധി/ വിശുദ്ധി (Holiness) | : 270-286 |
| 19. | കൂട്ടായ്മ (Fellowship) | : 287-299 |
| 20. | ശിഷ്യത്വം (Discipleship) | : 300-305 |
| 21. | കുടുംബം (Family) | : 306-321 |
| 22. | ദൈവാനുഗ്രഹം (God's Blessing) | : 322-327 |
| 23. | ഞാൻ ഞാനാകുന്നു (Ego Eimi Sayings) | : 328-334 |
| 24. | സത്യം സത്യമായി (Truly Truly) | : 335-350 |
| 25. | നന്ദി (Thanksgiving) | : 351-365 |


അവലംബം :
ബൈബിൾ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ തയ്യാറാക്കിയ വിവർത്തനം

www.malankaralibrary.com

# 1. വിശ്വാസം (Faith)

1. **മത്താ** 9:22

"യേശു തിരിഞ്ഞ് അവളെ നോക്കി അരുളിച്ചെയ്തു: മകളേ, ധൈര്യമായിരിക്കുക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. ആ നിമിഷം മുതൽ അവൾ സൗഖ്യമുള്ളവളായി".

2. **മത്താ** 17:20

"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്, ഇവിടെ നിന്നു മാറി മറ്റൊരു സ്ഥലത്തേക്കു പോവുക, എന്നു പറഞ്ഞാൽ അതു മാറിപ്പോകും".

3. **മർക്കോ:** 11:22-23

"യേശു പ്രതിവചിച്ചു: ദൈവത്തിൽ വിശ്വസിക്കുക. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ആരെങ്കിലും ഈ മലയോട് ഇവിടെനിന്നു മാറി കടലിൽച്ചെന്നു വീഴുക എന്നുപറയുകയും ഹൃദയത്തിൽ ശങ്കിക്കാതെ, താൻ പറയുന്നതു സംഭവിക്കുമെന്നു വിശ്വസിക്കുകയും ചെയ്താൽ അവന് അതു സാധിച്ചുകിട്ടും".

4. **ലൂക്കാ** 8:48

"അവൻ അവളോടു പറഞ്ഞു: മകളേ, നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക".

5. **യോഹ** 20:27

"അവൻ തോമസിനോടു പറഞ്ഞു: നിൻെറ വിരൽ ഇവിടെ കൊണ്ടുവരുക; എൻെറ കൈകൾ കാണുക; നിൻെറ കൈ നീട്ടി എൻെറ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക".

6. **അപ്പ** 16:31

"അവർ പറഞ്ഞു: കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും".

7. **റോമ** 10:17

"ആകയാൽ വിശ്വാസം കേൾവിയിൽനിന്നും കേൾവി ക്രിസ്തുവിനെപ്പറ്റിയുള്ള പ്രസംഗത്തിൽ നിന്നുമാണ്".

8. 2 **കോറി** 5:7-8

"എന്തെന്നാൽ, ഞങ്ങൾ നയിക്കപ്പെടുന്നത് വിശ്വാസത്താലാണ്, കാഴ്ചയാലല്ല. ഞങ്ങൾക്കു നല്ല ധൈര്യമുണ്ട്; ശരീരത്തിൽനിന്ന് അകന്നിരിക്കാനും കർത്താവിനോട് അടുത്തിരിക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നു".

9. **എഫേ** 2:8-9

"വിശ്വാസംവഴി കൃപയാലാണു നിങ്ങൾ രക്ഷിക്കപ്പെട്ടത്. അതു നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിൻെറ ദാനമാണ്; അതു പ്രവൃത്തികളുടെ ഫലമല്ല. തൻമൂലം, ആരും അതിൽ അഹങ്കരിക്കേണ്ടതില്ല".

10. **ഹെബ്രാ** 11:1

"വിശ്വാസം എന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്".

www.malankaralibrary.com

11. **യാക്കോ** 2:26

"ആത്മാവില്ലാത്ത ശരീരം മൃതമായിരിക്കുന്നതുപോലെ പ്രവൃത്തികൂടാതെയുള്ള വിശ്വാസവും മൃതമാണ്".

12. 1 **പത്രോ** 1:7

"കാരണം, അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണത്തേക്കാൾ വിലയേറിയ തായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം. അത് യേശുക്രിസ്തുവിന്റെ പ്രത്യാഗമനത്തിൽ സ്തുതിക്കും മഹത്വത്തിനും ബഹുമാനത്തിനും ഹേതുവായിരിക്കും".

13. 1**യോഹ** 5:4

"എന്തെന്നാൽ, ദൈവത്തിൽനിന്നു ജനിച്ച ഏവനും ലോകത്തെ കീഴടക്കുന്നു. ലോകത്തിൻ മേലുള്ള വിജയം ഇതാണ് - നമ്മുടെ വിശ്വാസം".

14. **സങ്കീ** 37:3

"ദൈവത്തിൽ വിശ്വാസമർപ്പിച്ചു നൻമ ചെയ്യുക; അപ്പോൾ ഭൂമിയിൽ സുരക്ഷിതനായി വസിക്കാം".

15. **സുഭാ** 3:5

"കർത്താവിൽ പൂർണഹൃദയത്തോടെവിശ്വാസമർപ്പിക്കുക; സ്വന്തം ബുദ്ധിയെ ആശ്രയിക്കുകയു മരുത്. നിൻെറ എല്ലാ പ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ; അവിടുന്ന് നിനക്ക് വഴി തെളിച്ചുതരും".

## 2. പ്രത്യാശ (Hope)

16. **റോമാ** 5:5

"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം, നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാ വിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു".

17. **റോമാ** 8:24-25

"ഈ പ്രത്യാശയിലാണ് നാം രക്ഷ പ്രാപിക്കുന്നത്. കണ്ടുകഴിഞ്ഞാൽ പിന്നെ പ്രത്യാശ പ്രത്യാശ യല്ല. താൻ കാണുന്നതിനെ ഒരുവൻ എന്തിനു പ്രത്യാശിക്കണം? എന്നാൽ, കാണാത്തതിനെയാണു നാം പ്രത്യാശിക്കുന്നതെങ്കിൽ അതിനുവേണ്ടി നാം സ്ഥിരതയോടെ കാത്തിരിക്കും".

18. 2 **കോറി** 4:16-18

"ഞങ്ങൾ ഭഗ്നാശരാകുന്നില്ല. ഞങ്ങളിലെ ബാഹ്യമനുഷ്യൻ ക്ഷയിച്ചുകൊണ്ടിരിക്കുക യാണെങ്കിലും ആന്തരിക മനുഷ്യൻ അനുദിനം നവീകരിക്കപ്പെടുന്നു. ഞങ്ങളുടെ ക്ലേശങ്ങൾ നിസ്സാരവും ക്ഷണികവുമാണ്; അവയുടെ ഫലമോ അനുപമമായ മഹത്വവും. ദൃശ്യമായവയല്ല, അദൃശ്യമായവയാണ് ഞങ്ങളുടെ ലക്ഷ്യം. ദൃശ്യങ്ങൾ നശ്വരങ്ങളാണ്, അദൃശ്യങ്ങൾ അനശ്വര ങ്ങളും".

19. 1 **തെസ** 1:3

"നമ്മുടെ പിതാവായ ദൈവത്തിന്റെ മുമ്പാകെ, നിങ്ങളുടെ വിശ്വാസത്തിന്റെ പ്രവൃത്തിയും സ്നേഹത്തിന്റെ പ്രയത്നവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള നിങ്ങളുടെ ദൃഢ മായ പ്രത്യാശയും ഞങ്ങൾ അനുസ്മരിക്കുന്നു".

www.malankaralibrary.com

20. **തീത്തോ** 2:13

"അതേസമയം, നമ്മുടെ മഹോന്നതനായ ദൈവത്തിന്റെയും രക്ഷകനായ യേശുക്രിസ്തുവിന്റെയും മഹത്വം പ്രത്യക്ഷമാകുമ്പോൾ കൈവരാൻപോകുന്ന അനുഗ്രഹപൂർണമായ പ്രത്യാശയെ നാം കാത്തിരിക്കുകയും ചെയ്യുന്നു".

21. **ഹെബ്രാ** 6:11-12

"നിങ്ങളിൽ ഓരോരുത്തരും നിങ്ങളുടെ പ്രത്യാശയുടെ പൂർത്തീകരണത്തിനായി അവസാനംവരെ ഇതേ ഉത്സാഹം തന്നെ കാണിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. അങ്ങനെ, നിരുത്സാഹരാകാതെ വിശ്വാസവും ദീർഘക്ഷമയുംവഴി വാഗ്ദാനത്തിന്റെ അവകാശികളായവരെ അനുകരിക്കുന്നവരാകണം നിങ്ങൾ".

22. 2 **പത്രോ** 1:3

"തന്റെ മഹത്വത്തിലേക്കും ഔന്നത്യത്തിലേക്കും നമ്മെ വിളിച്ചവനെക്കുറിച്ചുള്ള പൂർണമായ അറിവിലൂടെ, നമ്മുടെ ജീവിതത്തിനും ഭക്തിക്കും ആവശ്യമായവയെല്ലാം അവന്റെ ദൈവിക ശക്തി നമുക്കു പ്രദാനം ചെയ്തിരിക്കുന്നു".

23. **ജോബ്** 11:18

"പ്രത്യാശയുള്ളതുകൊണ്ട് നിനക്ക് ആത്മവിശ്വാസം ഉണ്ടാകും. നീ സംരക്ഷിക്കപ്പെടുകയും സുരക്ഷിതനായി വിശ്രമിക്കുകയും ചെയ്യും".

24. **സങ്കീ** 39:7

"കർത്താവേ, ഞാൻ എന്താണുകാത്തിരിക്കേണ്ടത്? എൻെറ പ്രത്യാശ അങ്ങയിലാണല്ലോ".

25. **സങ്കീ** 42:11

"എൻെറ ആത്മാവേ, നീ എന്തിനുവിഷാദിക്കുന്നു, നീ എന്തിനു നെടുവീർപ്പിടുന്നു? ദൈവത്തിൽ പ്രത്യാശ വയ്ക്കുക; എന്റെ സഹായവും ദൈവവുമായ അവിടുത്തെ ഞാൻ വീണ്ടും പുകഴ്ത്തും.

26. **സങ്കീ** 71:5

"കർത്താവേ, അങ്ങാണ് എന്റെ പ്രത്യാശ; ചെറുപ്പം മുതൽ അങ്ങാണ് എന്റെ ആശ്രയം".

27. **സങ്കീ** 119:114

"അവിടുന്ന് എന്റെ അഭയകേന്ദ്രവും പരിചയുമാണ്; ഞാൻ അങ്ങയുടെ വചനത്തിൽ പ്രത്യാശയർപ്പിക്കുന്നു".

28. **ഏശ** 40:31

"എന്നാൽ, ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും; അവർ കഴുകൻമാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല".

29. **ജറെ** 29:11

"കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് – നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി".

30. **വിലാ** 3:21-23

"എന്നാൽ, ഞാൻ ഒരു കാര്യം ഓർമിക്കുന്നു, അത് എനിക്കു പ്രത്യാശ തരുന്നു. കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല; അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അതു പുതിയതാണ്. അവിടുത്തെ വിശ്വസ്തത ഉന്നതമാണ്".

www.malankaralibrary.com

# 3. സ്നേഹം (Love)

31. **മത്താ** 22:37-40

''അവൻ പറഞ്ഞു: നീ നിന്റെദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസോടുംകൂടെ സ്നേഹിക്കുക. ഇതാണ് പ്രധാനവും പ്രഥമവുമായ കൽപന. രണ്ടാമത്തെ കൽപനയും ഇതിനുതുല്യം തന്നെ. അതായത്, നിന്നെപ്പോലെ നിൻെറ അയൽക്കാരനെയും സ്നേഹിക്കുക. ഈ രണ്ടു കൽപനകളിൽ സമസ്ത നിയമവും പ്രവാചകൻമാരും അധിഷ്ഠിതമായിരിക്കുന്നു.

32. **യോഹ** 3:16

എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.

33. **യോഹ** 14:15

"നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കൽപന പാലിക്കും"

34. 1 **യോഹ** 4:8

"സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം, ദൈവം സ്നേഹമാണ്".

35. **റോമാ** 5:8

"എന്നാൽ, നാം പാപികളായിരിക്കേ, ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള തൻെറ സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നു"

36. **റോമാ** 8:37-39

"നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇവയിലെല്ലാം നാം പൂർണവിജയം വരിക്കുന്നു. എന്തെന്നാൽ, മരണത്തിനോ ജീവനോ ദൂതൻമാർക്കോ അധികാരങ്ങൾക്കോ ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപെടുത്താൻ കഴിയുകയില്ലെന്ന് എനിക്ക് ഉറപ്പുണ്ട്".

37. 1 **കോറി** 13: 12-13

"വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനിൽക്കുന്നു. എന്നാൽ, സ്നേഹമാണ് സർവോത്കൃഷ്ടം".

38. 1 **കോറി** 16:14

"നിങ്ങളുടെ സകല കാര്യങ്ങളും സ്നേഹത്തോടു നിർവഹിക്കുവിൻ".

39. **എഫേ** 4:2

"പൂർണമായ വിനയത്തോടും ശാന്തതയോടും ദീർഘക്ഷമയോടും കൂടെ നിങ്ങൾ സ്നേഹ പൂർവം അന്യോന്യം സഹിഷ്ണുതയോടെ വർത്തിക്കുവിൻ'.

40. **കൊളോ** 3:14

"സർവ്വോപരി, എല്ലാറ്റിനെയും കൂട്ടിയിണക്കി പരിപൂർണ്ണമായ ഐക്യത്തിൽ ബന്ധിക്കുന്ന സ്നേഹം പരിശീലിക്കുവിൻ".

41. 1 **തെസ്സ** 3:12

"ഞങ്ങൾക്കു നിങ്ങളോടുള്ള സ്നേഹം പോലെ നിങ്ങൾക്കു തമ്മിൽത്തമ്മിൽ മറ്റെല്ലാവരോടും ഉള്ള സ്നേഹം വളർന്നു സമൃദ്ധമാകാൻ കർത്താവ് ഇടവരുത്തട്ടെ'.

www.malankaralibrary.com

42. 1 **പത്രോ** 4:8

"സർവ്വോപരി നിങ്ങൾക്ക് ഗാഢമായ പരസ്പരസ്നേഹം ഉണ്ടായിരിക്കട്ടെ; കാരണം, സ്നേഹം നിരവധി പാപങ്ങളെ മറയ്ക്കുന്നു".

43. 1 **യോഹ** 3:1

"കണ്ടാലും! എത്ര വലിയ സ്നേഹമാണു പിതാവു നമ്മോടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണു താനും. ലോകം നമ്മെ അറിയുന്നില്ല; കാരണം, അത് അവിടുത്തെ അറിഞ്ഞിട്ടില്ല."

44. 1 **യോഹ** 4:19

"ആദ്യം അവിടുന്നു നമ്മെ സ്നേഹിച്ചു. അതിനാൽ, നാമും അവിടുത്തെ സ്നേഹിക്കുന്നു".

45. **ഏശ** 54:10

"നിന്നോടു കരുണയുള്ള കർത്താവ് അരുളിച്ചെയ്യുന്നു: മലകൾ അകന്നുപോയേക്കാം; കുന്നുകൾ മാറ്റപ്പെട്ടേക്കാം. എന്നാൽ, എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല; എന്റെ സമാധാന ഉടമ്പടിക്കു മാറ്റം വരുകയുമില്ല".

46. **ജെറ** 31:3

"വിദൂരത്തിൽ നിന്നു കർത്താവ് അവനു പ്രത്യക്ഷനായി അരുളിച്ചെയ്തു: എനിക്കു നിന്നോടുള്ള സ്നേഹം അനന്തമാണ്; നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും".

47. **വിലാ** 3:22-23

''കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല; അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അതു പുതിയതാണ്. അവിടുത്തെ വിശ്വസ്തത ഉന്നതമാണ്".

48. **ഹോസി** 2:19

"എന്നേക്കുമായി നിന്നെ ഞാൻ പരിഗ്രഹിക്കും. നീതിയിലും സത്യത്തിലും സ്നേഹത്തിലും കാരുണ്യത്തിലും നിന്നെ ഞാൻ സ്വീകരിക്കും.".

49. **സെഫാ** 3:17-18

"നിൻെറ ദൈവമായ കർത്താവ്, വിജയം നൽകുന്ന യോദ്ധാവ്, നിൻെറ മദ്ധ്യേ ഉണ്ട്. നിന്നെക്കുറിച്ച് അവിടുന്ന് അതിയായി ആഹ്ലാദിക്കും. തൻെറ സ്നേഹത്തിൽ അവിടുന്ന് നിന്നെ പുനഃപ്രതിഷ്ഠിക്കും".

# 4. ദൈവവചനം (Word of God)

50. **മത്താ** 4:4

അവൻ പ്രതിവചിച്ചു: മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണു ജീവിക്കുന്നത് എന്ന് എഴുതപ്പെട്ടിരിക്കുന്നു

51. **മത്താ** 4:17

"അപ്പോൾ മുതൽ യേശു പ്രസംഗിക്കാൻ തുടങ്ങി: മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു".

52. **മത്താ 7:24**

"എൻെറ ഈ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യനു തുല്യനായിരിക്കും".

www.malankaralibrary.com

53. **മത്താ** 24:35

"ആകാശവും ഭൂമിയും കടന്നുപോകും; എന്നാൽ, എൻെറ വചനങ്ങൾ കടന്നുപോവുകയില്ല".

54. **മർക്കോ 16:15**

"അവൻ അവരോടു പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ".

55. **ലൂക്കാ 11:28**

"അവൻ പറഞ്ഞു: ദൈവവചനം കേട്ട് അതു പാലിക്കുന്നവർ കൂടുതൽ ഭാഗ്യവാന്മാർ".

56. **ലൂക്കാ** 24:47

"പാപമോചനത്തിനുള്ള അനുതാപം അവൻെറ നാമത്തിൽ ജറുസലെമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു".

57. **യോഹ** 1:1-2

"ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു; വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു".

58. **അപ്പ. പ്ര** 1:8

"എന്നാൽ, പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലെമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും".

59. **റോമ 10:8**

"വചനം നിനക്കു സമീപസ്ഥമാണ്. നിന്റെ അധരത്തിലും നിന്റെ ഹൃദയത്തിലും അതുണ്ട്".

60. **റോമ 10:14-15**

"എന്നാൽ, തങ്ങൾ വിശ്വസിച്ചിട്ടില്ലാത്ത ഒരുവനെ അവർ എങ്ങനെ വിളിച്ചപേക്ഷിക്കും? ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും? അയയ്ക്കപ്പെടുന്നില്ലെങ്കിൽ എങ്ങനെ പ്രസംഗിക്കും? സുവിശേഷം പ്രസംഗിക്കുന്ന വരുടെ പാദങ്ങൾ എത്ര സുന്ദരം! എന്നാണല്ലോ എഴുതപ്പെട്ടിരിക്കുന്നത്".

61. 1 **കോറി** 1:21

"ദൈവത്തിൻെറ ജ്ഞാനത്തിൽ ലോകം ലൗകികവിജ്ഞാനത്താൽ അവിടുത്തെ അറിഞ്ഞില്ല. തൻമൂലം വിശ്വസിക്കുന്നവരെ സുവിശേഷപ്രസംഗത്തിൻെറ ഭോഷത്തം വഴി രക്ഷിക്കാൻ അവിടുന്നു തിരുമനസായി".

62. **1 കോറി 2:4-5**

"എൻെറ വചനവും പ്രസംഗവും വിജ്ഞാനംകൊണ്ട് വശീകരിക്കുന്നതായിരുന്നില്ല. പ്രത്യുത, ആത്മാവിൻെറയും ശക്തിയുടെയും വെളിപ്പെടുത്തലായിരുന്നു. നിങ്ങളുടെ വിശ്വാസത്തിൻെറ അടിസ്ഥാനം മാനുഷികവിജ്ഞാനമാകാതെ, ദൈവശക്തിയാകാനായിരുന്നു അത്".

63. **2 കോറി 4:5**

"ഞങ്ങൾ ഉദ്ഘോഷിക്കുന്നത് ഞങ്ങളെക്കുറിച്ചല്ല, പ്രത്യുത, യേശുക്രിസ്തുവിനെ കർത്താവായും യേശുവിനുവേണ്ടി ഞങ്ങളെ നിങ്ങളുടെ ദാസൻമാരായും ആണ്".

64. **എഫെ 5: 26-27**

"അവൻ സഭയെ വിശുദ്ധീകരിക്കുന്നതിന്, ജലംകൊണ്ടു കഴുകി വചനത്താൽ വെൺമയുള്ളതാക്കി. ഇത് അവളെ കറയോ ചുളിവോ മറ്റു കുറവുകളോ ഇല്ലാത്ത മഹത്വപൂർണയായി തനിക്കുതന്നെ പ്രതിഷ്ഠിക്കുന്നതിനും അവൾ കളങ്കരഹിതയും പരിശുദ്ധയുമായിരിക്കുന്നതിനും വേണ്ടിയാണ്".

www.malankaralibrary.com

65. **എഫെ 6:17**

"രക്ഷയുടെ പടത്തൊപ്പി അണിയുകയും ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കുകയും ചെയ്യുവിൻ".

66. **2 തിമോ 2:15**

"സത്യത്തിന്റെ വചനം ഉചിതമായി കൈകാര്യം ചെയ്തുകൊണ്ട്, അഭിമാനിക്കാൻ അവകാശമുള്ള വേലക്കാരനായി ദൈവതിരുമുമ്പിൽ അർഹതയോടെ പ്രത്യക്ഷപ്പെടാൻ ഉത്സാഹപൂർവ്വം പരിശ്രമിക്കുക".

67. **2 തിമോ** 3:16-17

"വിശുദ്ധലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതുവഴി ദൈവഭക്തനായ മനുഷ്യൻ പൂർണ്ണത കൈവരിക്കുകയും എല്ലാ നല്ല പ്രവൃത്തികളും ചെയ്യുന്നതിനു പര്യാപ്തനാവുകയും ചെയ്യുന്നു".

68. **2 തിമോ 4:2**

''വചനം പ്രസംഗിക്കുക; സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗരൂകതയോടെ വർത്തിക്കുക; മറ്റുള്ളവരിൽ ബോധ്യം ജനിപ്പിക്കുകയും അവരെ ശാസിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുക; ക്ഷമ കൈവിടാതിരിക്കുകയും പ്രബോധനത്തിൽ ശ്രദ്ധിക്കുകയും ചെയ്യുക".

69. **ഹെബ്രാ** 4:12

"ദൈവത്തിൻെറ വചനം സജീവവും ഊർജസ്വലവുമാണ്; ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിൻെറ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്".

70. **യാക്കോ 1:22**

"നിങ്ങൾ വചനം കേൾക്കുക മാത്രംചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനുവർത്തിക്കുന്നവരും ആയിരിക്കുവിൻ".

71. **നിയമ 6:6-9**

"ഞാനിന്നു കൽപിക്കുന്ന ഈ വചനങ്ങൾ നിങ്ങളുടെ ഹൃദയത്തിലുണ്ടായിരിക്കണം. ജാഗരൂകതയോടെ അവനിങ്ങളുടെ മക്കളെ പഠിപ്പിക്കണം; വീട്ടിലായിരിക്കുമ്പോഴും യാത്രചെയ്യുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെപ്പറ്റി സംസാരിക്കണം. അവ കൈയിൽ ഒരടയാളമായും നെറ്റിത്തടത്തിൽ പട്ടമായും അണിയണം. അവനിങ്ങളുടെ വീടിൻെറ കട്ടിളക്കാലിൻമേലും പടിവാതിലിൻമേലും എഴുതണം".

72. **സങ്കീ** 1:2-3

"അവൻെറ ആനന്ദം കർത്താവിൻെറ നിയമത്തിലാണ്; രാവും പകലും അവൻ അതിനെക്കുറിച്ചു ധ്യാനിക്കുന്നു. നീർച്ചാലിനരികേ നട്ടതും യഥാകാലം ഫലം തരുന്നതും ഇലകൊഴിയാത്തതുമായ വൃക്ഷംപോലെയാണ് അവൻ ; അവൻെറ പ്രവൃത്തികൾ സഫലമാകുന്നു".

73. **സങ്കീ 19:8-10**

"കർത്താവിൻെറ പ്രമാണം വിശുദ്ധമാണ്; അതു കണ്ണുകളെ പ്രകാശിപ്പിക്കുന്നു. ദൈവഭക്തി നിർമലമാണ്; അത് എന്നേക്കും നിലനിൽക്കുന്നു; കർത്താവിൻെറ വിധികൾ സത്യമാണ്; അവ തികച്ചും നീതിപൂർണമാണ്. അവ പൊന്നിനെയും തങ്കത്തെയുംകാൾ അഭികാമ്യമാണ്; അവ തേനിനെയും തേൻകട്ടയെയുംകാൾ മധുരമാണ്.".

www.malankaralibrary.com

74. **സങ്കീ 96:3**

"ജനതകളുടെയിടയിൽ അവിടുത്തെ മഹത്വം പ്രഘോഷിക്കുവിൻ; ജനപദങ്ങളുടെയിടയിൽ അവിടുത്തെ അദ്ഭുതപ്രവൃത്തികൾ വർണിക്കുവിൻ".

75. **സങ്കീ 119:9**

"യുവാവു തൻെറ മാർഗം എങ്ങനെ നിർമലമായി സൂക്ഷിക്കും? അങ്ങയുടെ വചനമനുസരിച്ചു വ്യാപരിച്ചുകൊണ്ട്".

76. **സങ്കീ 119:14-15**

"സമ്പത്സമൃദ്ധിയിലെന്ന പോലെ അങ്ങയുടെ കൽപനകൾ പിന്തുടരുന്നതിൽ ഞാൻ ആനന്ദിക്കും. ഞാൻ അങ്ങയുടെ പ്രമാണങ്ങളെപ്പറ്റി ധ്യാനിക്കുകയും അങ്ങയുടെ മാർഗത്തിൽ ദൃഷ്ടി ഉറപ്പിക്കുകയും ചെയ്യും".

77. **സങ്കീ 119:16**

"അങ്ങയുടെ ചട്ടങ്ങളിൽ ഞാൻ സന്തോഷിക്കും; അങ്ങയുടെ വചനം വിസ്മരിക്കുകയില്ല".

78. **സങ്കീ 119:105**

"അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്" .

79. **സങ്കീ 119:130**

"അങ്ങയുടെ വചനങ്ങളുടെ ചുരുളഴിയുമ്പോൾ പ്രകാശം പരക്കുന്നു; എളിയവർക്ക് അത് അറിവു പകരുന്നു".

80. **സുഭാ** 30:5

"ദൈവത്തിൻെറ ഓരോ വാക്കും സത്യമെന്നു തെളിയുന്നു. തന്നെ അഭയം പ്രാപിക്കുന്നവർക്ക് അവിടുന്ന് കവചമാണ്".

81. **ഏശ** 40:8

"പുല്ലു കരിയുന്നു; പുഷ്പം വാടുന്നു; നമ്മുടെ ദൈവത്തിൻെറ വചനമാകട്ടെ എന്നേക്കും നിലനിൽക്കും".

82. **ഏശയ്യ** 55:11

"എൻെറ അധരങ്ങളിൽനിന്നു പുറപ്പെടുന്ന വാക്കും അങ്ങനെതന്നെ. ഫലരഹിതമായി അതു തിരിച്ചുവരില്ല; എൻെറ ഉദ്ദേശ്യം അതു നിറവേറ്റും; ഞാൻ ഏൽപ്പിക്കുന്ന കാര്യം വിജയപ്രദമായി ചെയ്യും".

83. **എസെ** 3:3

മനുഷ്യപുത്രാ, ഞാൻ തരുന്ന ഈ ചുരുൾ ഭക്ഷിച്ചു വയറുനിറയ്ക്കുക; ഞാൻ അതു ഭക്ഷിച്ചു. എൻെറ വായിൽ അതു തേൻപോലെ മധുരിച്ചു

## 5. പ്രാർത്ഥന (Prayer)

84. **മത്താ** 6:6

"എന്നാൽ, നീ പ്രാർഥിക്കുമ്പോൾ നിൻെറ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി നിന്റെ പിതാവിനോടു പ്രാർഥിക്കുക; രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്കു പ്രതിഫലംനൽകും".

85. **മത്താ** 21:22

"വിശ്വാസത്തോടെ പ്രാർഥിക്കുന്നതെല്ലാം നിങ്ങൾക്കു ലഭിക്കും".

www.malankaralibrary.com

86. **മർക്കോ** 11:24-25

"അതിനാൽ, ഞാൻ പറയുന്നു: പ്രാർഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്നു വിശ്വസിക്കുവിൻ; നിങ്ങൾക്കു ലഭിക്കുകതന്നെ ചെയ്യും. നിങ്ങൾ പ്രാർഥിക്കുമ്പോൾ നിങ്ങൾക്ക് ആരോടെങ്കിലും എന്തെങ്കിലും വിരോധമുണ്ടെങ്കിൽ അതു ക്ഷമിക്കുവിൻ".

87. **ലൂക്കാ** 11:9-10

"ഞാൻ നിങ്ങളോടു പറയുന്നു: ചോദിക്കുവിൻ; നിങ്ങൾക്കു ലഭിക്കും. അന്വേഷിക്കുവിൻ; നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ; നിങ്ങൾക്കു തുറന്നുകിട്ടും. എന്തെന്നാൽ ചോദിക്കുന്ന ഏവനും ലഭിക്കുന്നു. അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. മുട്ടുന്നവനു തുറന്നുകിട്ടുകയും ചെയ്യുന്നു".

88. **യോഹ** 14:13-14

"നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, പിതാവു പുത്രനിൽ മഹത്വപ്പെടാൻവേണ്ടി ഞാൻ പ്രവർത്തിക്കും. എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും".

89. **യോഹ 15:7**

"നിങ്ങൾ എന്നിൽ വസിക്കുകയും എൻെറ വാക്കുകൾ നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക; നിങ്ങൾക്കു ലഭിക്കും".

90. **റോമ** 12:12

"പ്രത്യാശയിൽ സന്തോഷിക്കുവിൻ; ക്ലേശങ്ങളിൽ സഹനശീലരായിരിക്കുവിൻ; പ്രാർഥനയിൽ സ്ഥിരതയുള്ളവരായിരിക്കുവിൻ".

91. **എഫേ** 6:18

"നിങ്ങൾ അപേക്ഷകളോടും യാചനകളോടും കൂടെ എല്ലാ സമയവും ആത്മാവിൽ പ്രാർഥനാനിരതരായിരിക്കുവിൻ. അവിശ്രാന്തം ഉണർന്നിരുന്ന് എല്ലാ വിശുദ്ധർക്കും വേണ്ടി പ്രാർഥിക്കുവിൻ".

92. **ഫിലി** 4:6

ഒന്നിനെക്കുറിച്ചും ആകുലരാകേണ്ടാ. പ്രാർഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാസ്തോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ".

93. **കൊളോ** 4:2

"കൃതജ്ഞതാഭരിതരായി ഉണർന്നിരുന്ന് നിരന്തരം പ്രാർഥിക്കുവിൻ".

94. 1 **തെസ** 5:17

"ഇടവിടാതെ പ്രാർഥിക്കുവിൻ".

95. 1 **തിമോ** 2:1

"എല്ലാവർക്കുംവേണ്ടി അപേക്ഷകളും യാചനകളും മാധ്യസ്ഥപ്രാർത്ഥനകളും ഉപകാരസ്മരണകളും അർപ്പിക്കണമെന്ന് ഞാൻ ആദ്യമേ ആഹ്വനം ചെയ്യുന്നു".

96. **1യോഹ 3:22**

"നാം ആവശ്യപ്പെടുന്നതെന്തും അവിടുന്നു നമുക്കു നൽകുകയും ചെയ്യും. കാരണം, നമ്മൾ അവിടുത്തെ കൽപനകൾ അനുസരിക്കുകയും അവിടുത്തേക്കു പ്രീതിജനകമായതു പ്രവർത്തിക്കുകയും ചെയ്യുന്നു".

97. **വെളി 3:19-20**

ഞാൻ സ്നേഹിക്കുന്നവരെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു. അതുകൊണ്ട് തീക്ഷ്ണതയുള്ളവനാകുക. അനുതപിക്കുക. ഇതാ, ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എൻെറ സ്വരം കേട്ടു വാതിൽ തുറന്നുതന്നാൽ ഞാൻ അവൻെറ അടുത്തേക്കു വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയുംചെയ്യും.

www.malankaralibrary.com

98. **2 ദിന 7:14**

"എന്റെ നാമം പേറുന്ന എന്റെ ജനം എന്നെ അന്വേഷിക്കുകയും തങ്ങളെത്തന്നെ എളിമപ്പെടുത്തി പ്രാർത്ഥിക്കുകയും തങ്ങളുടെ ദുർമാർഗങ്ങളിൽനിന്നു പിൻതിരിയുകയും ചെയ്താൽ, ഞാൻ സ്വർഗത്തിൽനിന്ന് അവരുടെ പ്രാർത്ഥന കേട്ട് അവരുടെ പാപങ്ങൾ ക്ഷമിക്കുകയും അവരുടെ ദേശം സമ്പുഷ്ടമാക്കുകയും ചെയ്യും".

99. **സങ്കീ** 55:17

"സന്ധ്യയിലും പ്രഭാതത്തിലും മധ്യാഹ്നത്തിലും ഞാൻ ആവലാതിപ്പെട്ടു കരയും; അവിടുന്ന് എൻെറ സ്വരം കേൾക്കും".

100. **സങ്കീ 145:18-19**

"എന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക്, ഹൃദയപരമാർഥതയോടെ വിളിച്ചപേക്ഷിക്കുന്നവർക്ക്, കർത്താവു സമീപസ്ഥനാണ്. തൻെറ ഭക്തൻമാരുടെ ആഗ്രഹം അവിടുന്നു സഫലമാക്കുന്നു; അവിടുന്ന് അവരുടെ നിലവിളികേട്ട് അവരെ രക്ഷിക്കുന്നു".

101. **ഏശ** 55:6

"കർത്താവിനെ കണ്ടെത്താൻ കഴിയുന്ന ഇപ്പോൾത്തന്നെ അവിടുത്തെ അന്വേഷിക്കുവിൻ; അവിടുന്ന് അരികെയുള്ളപ്പോൾ അവിടുത്തെ വിളിക്കുവിൻ".

102. **ജെറ** 29:12

"അപ്പോൾ നിങ്ങൾ എന്നെ വിളിച്ചപേക്ഷിക്കും; എന്റെ അടുക്കൽവന്നു പ്രാർഥിക്കും. ഞാൻ നിങ്ങളുടെ പ്രാർഥന ശ്രവിക്കും".

# 6. സ്ഥിരത (Steadfast)

103. **റോമ** 11:29

"എന്തെന്നാൽ, ദൈവത്തിന്റെ ദാനങ്ങളും വിളിയും പിൻവലിക്കപ്പെടാവുന്നതല്ല".

104. 1 **കോറി.** 15:58

"അതിനാൽ, എന്റെ വത്സലസഹോദരരേ, കർത്താവിൽ നിങ്ങളുടെ ജോലി നിഷ്ഫലമല്ലെന്നു ബോധ്യപ്പെട്ട്, അവിടുത്തെ ജോലിയിൽ സദാ അഭിവൃദ്ധി പ്രാപിച്ച് സ്ഥിരചിത്തരും അചഞ്ചലരുമായിരിക്കുവിൻ".

105. 2 **കോറി** 1:21-22

''ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ സ്ഥാപിച്ചിരിക്കുന്നതും അഭിഷേകം ചെയ്തിരിക്കുന്നതും ദൈവമാണ്. അവിടുന്ന് നമ്മിൽ തന്റെ മുദ്രപതിക്കുകയും അച്ചാരമായിട്ടു തന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്കു പകരുകയും ചെയ്തിരിക്കുന്നു".

106. **ഹെബ്രാ** 3:14

"എന്തെന്നാൽ, നമ്മുടെ ആദ്യവിശ്വാസത്തെ അവസാനംവരെ മുറുകെപ്പിടിക്കുമെങ്കിൽ മാത്രമേ നാം ക്രിസ്തുവിൽ പങ്കുകാരാവുകയുള്ളു".

107. **ഹെബ്രാ** 12:2

"നമ്മുടെ വിശ്വാസത്തിന്റെ നാഥനും അതിനെ പൂർണതയിലെത്തിക്കുന്നവനുമായ യേശുവിനെ മുന്നിൽ കണ്ടുകൊണ്ടുവേണം നാം ഓടാൻ; അവൻ തനിക്കുണ്ടായിരുന്ന സന്തോഷം ഉപേക്ഷിച്ച്, അവമാനം വകവയ്ക്കാതെ, കുരിശ് ക്ഷമയോടെ സ്വീകരിച്ചു. ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് അവൻ അവരോധിക്കപ്പെടുകയും ചെയ്തു".

www.malankaralibrary.com

108. **യാക്കോ** 1:12

"പരീക്ഷകൾ ക്ഷമയോടെ സഹിക്കുന്നവൻ ഭാഗ്യവാൻ. എന്തെന്നാൽ, അവൻ പരീക്ഷകളെ അതിജീവിച്ചു കഴിയുമ്പോൾ തന്നെ സ്നേഹിക്കുന്നവർക്കു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം അവനു ലഭിക്കും".

109. 1 **പത്രോ** 5:9

"വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് അവനെ എതിർക്കുവിൻ. ലോകമെങ്ങുമുള്ള നിങ്ങളുടെ സഹോദരരിൽനിന്ന് ഇതേ സഹനം തന്നെ ആവശ്യപ്പെട്ടിരിക്കുന്നെന്ന് അറിയുകയും ചെയ്യുവിൻ".

110. **നിയമ** 31:6

"ശക്തരും ധീരരുമായിരിക്കുവിൻ, ഭയപ്പെടേണ്ടാ; അവരെപ്രതി പരിഭ്രമിക്കുകയും വേണ്ടാ. എന്തെന്നാൽ, നിങ്ങളുടെ ദൈവമായ കർത്താവാണ് കൂടെ വരുന്നത്. അവിടുന്നു നിങ്ങളെ നിരാശപ്പെടുത്തുകയോ പരിത്യജിക്കുകയോ ഇല്ല".

111. 1 **ദിന** 28:9

"മകനേ, സോളമൻ, നിന്റെ പിതാവിന്റെ ദൈവത്തെ നീ അറിയുകയും പൂർണഹൃദയത്തോടും പൂർണ സമ്മതത്തോടും കൂടെ അവിടുത്തെ ശുശ്രൂഷിക്കുകയും ചെയ്യുക. അവിടുന്ന് ഹൃദയങ്ങൾ പരിശോധിച്ച് എല്ലാ ആലോചനകളും വിചാരങ്ങളും മനസ്സിലാക്കുന്നു. അന്വേഷിച്ചാൽ നീ അവിടുത്തെ കണ്ടെത്തും; ഉപേക്ഷിച്ചാൽ, അവിടുന്ന് നിന്നെ എന്നേക്കും പരിത്യജിക്കും".

112. **സങ്കീ** 40:10-11

"അവിടുത്തെ രക്ഷാകരമായ സഹായത്തെ ഞാൻ ഹൃദയത്തിൽ ഒളിച്ചുവച്ചിട്ടില്ല; അങ്ങയുടെ വിശ്വസ്തതയെയും രക്ഷയെയും പറ്റി ഞാൻ സംസാരിച്ചു; അവിടുത്തെ കാരുണ്യവും വിശ്വസ്തതയും മഹാസഭയിൽ ഞാൻ മറച്ചുവച്ചില്ല. കർത്താവേ, അങ്ങയുടെ കാരുണ്യം എന്നിൽനിന്നു പിൻവലിക്കരുതേ! അവിടുത്തെ സ്നേഹവും വിശ്വസ്തതയും എന്നെ സംരക്ഷിക്കട്ടെ".

113. **സങ്കീ** 51:10

"ദൈവമേ, നിർമലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ! അചഞ്ചലമായ ഒരു നവചൈതന്യം എന്നിൽ നിക്ഷേപിക്കണമേ!".

114. **സങ്കീ** 57:7

"എന്റെ ഹൃദയം അചഞ്ചലമാണ്; ദൈവമേ, എന്റെ ഹൃദയം അചഞ്ചലമാണ്; ഞാൻ അങ്ങയെ പാടി സ്തുതിക്കും".

115. **സങ്കീ** 89:2

"എന്തെന്നാൽ, അങ്ങയുടെ കൃപ എന്നേക്കും നിലനിൽക്കുന്നു; അങ്ങയുടെ വിശ്വസ്തത ആകാശംപോലെ സുസ്ഥിരമാണ്".

116. **സങ്കീ** 108:1

"എന്റെ ഹൃദയം ഒരുങ്ങിയിരിക്കുന്നു; ദൈവമേ, എന്റെ ഹൃദയം ഒരുങ്ങിയിരിക്കുന്നു; ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും".

117. **സങ്കീ** 112:7-8

"ദുർവാർത്തകളെ അവൻ ഭയപ്പെടുകയില്ല: അവന്റെ ഹൃദയം അചഞ്ചലവും കർത്താവിൽ ആശ്രയിക്കുന്നതുമാണ്. അവന്റെ ഹൃദയം ദൃഢതയുള്ളതായിരിക്കും; അവൻ ഭയപ്പെടുകയില്ല; അവൻ ശത്രുക്കളുടെ പരാജയം കാണും".

www.malankaralibrary.com

118. **ഏശ** 26:3

"അങ്ങയിൽ ഹൃദയമുറപ്പിച്ചിരിക്കുന്നവനെ അങ്ങ് സമാധാനത്തിന്റെ തികവിൽ സംരക്ഷിക്കുന്നു. എന്തെന്നാൽ, അവൻ അങ്ങയിൽ ആശ്രയിക്കുന്നു".

# 7. ശുശ്രൂഷ (Service)

119. **മത്താ** 20:28

"ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും മനുഷ്യപുത്രൻ വന്നിരിക്കുന്നതുപോലെ തന്നെ".

120. **മത്താ 25:40**

"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എൻെറ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്".

121. **മർക്കോ** 9:35

"അവൻ ഇരുന്നിട്ടു പന്ത്രണ്ടുപേരെയും വിളിച്ചു പറഞ്ഞു: ഒന്നാമനാകാൻ ആഗ്രഹിക്കു ന്നവൻ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനുമാകണം".

122. **ലൂക്കാ** 22:27

"ആരാണു വലിയവൻ, ഭക്ഷണത്തിനിരിക്കുന്നവനോ പരിചരിക്കുന്നവനോ? ഭക്ഷണത്തി നിരിക്കുന്നവനല്ലേ? ഞാനാകട്ടെ നിങ്ങളുടെയിടയിൽ പരിചരിക്കുന്നവനെപ്പോലെയാണ്".

123. **യോഹ** 12:26

"എന്നെ ശുശ്രൂഷിക്കാൻ ആഗ്രഹിക്കുന്നവൻ എന്നെ അനുഗമിക്കട്ടെ. അപ്പോൾ, ഞാൻ ആയിരിക്കുന്നിടത്ത് എൻെറ ശുശ്രൂഷകനും ആയിരിക്കും; എന്നെ ശുശ്രൂഷിക്കുന്നവനെ പിതാവു ബഹുമാനിക്കും".

124. **അപ്പ** 20:35

"ഇങ്ങനെ അധ്വാനിച്ചുകൊണ്ട് ബലഹീനരെ സഹായിക്കണമെന്നു കാണിക്കാൻ എല്ലാക്കാര്യ ങ്ങളിലും നിങ്ങൾക്കു ഞാൻ മാതൃക നൽകിയിട്ടുണ്ട്. സ്വീകരിക്കുന്നതിനെക്കാൾ കൊടുക്കുന്ന താണു ശ്രേയസ്കരം എന്നു പറഞ്ഞ കർത്താവായ യേശുവിന്റെ വാക്കുകൾ നിങ്ങളെ ഞാൻ അനുസ്മരിപ്പിക്കുന്നു".

125. **റോമാ** 7:6

"ഇപ്പോഴാകട്ടെ, നാം നമ്മെ അടിമപ്പെടുത്തിയിരുന്നതിനു മരിച്ച് നിയമത്തിൽനിന്നു മോചിതരായി. ഇത് ആത്മാവിന്റെ പുതുമയിൽ, നിയമത്തിൻെറ പഴമയിലല്ല, നാം ശുശ്രൂഷ ചെയ്യുന്നതിനു വേണ്ടിയാണ്".

126. 1 **കോറി** 12:5

"ശുശ്രൂഷകളിൽ വൈവിധ്യം ഉണ്ടെങ്കിലും കർത്താവ് ഒന്നുതന്നെ.

127. **ഗലാ** 5:13

"സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്; ഭൗതിക സുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്നുമാത്രം. പ്രത്യുത, സ്നേഹത്തോടു കൂടെ ദാസരെപ്പോലെ പരസ്പരം സേവിക്കുവിൻ".

128. **എഫേ** 2:10

"നാം ദൈവത്തിന്റെ കരവേലയാണ്; നാം ചെയ്യാൻവേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്".

129. **കൊളോ** 3:24

"നിങ്ങൾക്കു പ്രതിഫലമായി കർത്താവിൽനിന്ന് അവകാശം ലഭിക്കുമെന്ന് അറിഞ്ഞു കൊള്ളുവിൻ. കർത്താവായ ക്രിസ്തുവിനെത്തന്നെയാണല്ലോ നിങ്ങൾ ശുശ്രൂഷിക്കുന്നത്".

130. **ഹെബ്രാ** 12:28

"സുസ്ഥിരമായ ഒരു രാജ്യം ലഭിച്ചതിൽ നമുക്കു നന്ദിയുള്ളവരായിരിക്കാം; അങ്ങനെ, ദൈവത്തിനു സ്വീകാര്യമായ ആരാധന ഭയഭക്ത്യാദരങ്ങളോടെ സമർപ്പിക്കാം".

131. 1 **പത്രോ** 4:10

ഓരോരുത്തനും തനിക്കു കിട്ടിയ ദാനത്തെ ദൈവത്തിൻെറ വിവിധ ദാനങ്ങളുടെ ഉത്തമനായ കാര്യസ്ഥനെന്ന നിലയിൽ മറ്റെല്ലാവർക്കും വേണ്ടി ഉപയോഗിക്കട്ടെ.

132. 1 **പത്രോ** 4:11

"പ്രസംഗിക്കുന്നവൻ ദൈവത്തിന്റെ അരുളപ്പാടു നൽകുന്നവനെപ്പോലെ പ്രസംഗിക്കട്ടെ. ശുശ്രൂഷിക്കുന്നവൻ ദൈവത്തിൽനിന്നു ലഭിച്ച ശക്തികൊണ്ട് എന്നപോലെ ശുശ്രൂഷിക്കട്ടെ. അങ്ങനെ എല്ലാകാര്യങ്ങളിലും ദൈവം യേശുക്രിസ്തുവിലൂടെ മഹത്വപ്പെടട്ടെ. മഹത്വവും ആധിപത്യവും എന്നും എന്നേക്കും അവനുള്ളതാണ്. ആമേൻ".

133. **സങ്കീ** 100:2

"സന്തോഷത്തോടെ കർത്താവിനു ശുശ്രൂഷ ചെയ്യുവിൻ; ഗാനാലാപത്തോടെ അവിടുത്തെ സന്നിധിയിൽ വരുവിൻ".

# 8. കരുണയും അനുകമ്പയും (Mercy and Compassion)

134. **മത്താ** 5:7

"കരുണയുള്ളവർ ഭാഗ്യവാൻമാർ; അവർക്കു കരുണ ലഭിക്കും".

135. **മത്താ** 9:36

"ജനക്കൂട്ടങ്ങളെ കണ്ടപ്പോൾ, യേശുവിന് അവരുടെമേൽ അനുകമ്പതോന്നി. അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരുമായിരുന്നു".

136. **മർക്കോ** 6:34

"അവൻ കരയ്ക്കിറങ്ങിയപ്പോൾ വലിയ ഒരു ജനക്കൂട്ടത്തെ കണ്ടു. അവരോട് അവന് അനുകമ്പ തോന്നി. കാരണം, അവർ ഇടയനില്ലാത്ത ആട്ടിൻപറ്റംപോലെ ആയിരുന്നു. അവൻ അവരെ പല കാര്യങ്ങളും പഠിപ്പിക്കാൻ തുടങ്ങി".

137. **ലൂക്കാ** 6:36

"നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ".

138. **ലൂക്കാ** 15:20

"അവൻ എഴുന്നേറ്റ്, പിതാവിൻെറ അടുത്തേക്കു ചെന്നു. ദൂരെ വച്ചുതന്നെ പിതാവ് അവനെ കണ്ടു. അവൻ മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചു ചുംബിച്ചു".

139. **റോമാ** 9:15

എനിക്കു ദയ തോന്നുന്നവരോടു ഞാൻ ദയ കാണിക്കും; എനിക്ക് അനുകമ്പ തോന്നുന്നവരോട് അനുകമ്പയും എന്ന് അവിടുന്നു മോശയോട് അരുളിച്ചെയ്യുന്നു.

www.malankaralibrary.com

140. **എഫേ** 2:4-5

എന്നാൽ, നമ്മൾ പാപംവഴി മരിച്ചവരായിരുന്നിട്ടും കരുണാസമ്പന്നനായ ദൈവം നമ്മോടു കാണിച്ച മഹത്തായ സ്നേഹത്താൽ, ക്രിസ്തുവിനോടുകൂടെ നമ്മെ ജീവിപ്പിച്ചു; കൃപയാൽ നിങ്ങൾ രക്ഷിക്കപ്പെട്ടു".

141. **പുറ** 34:6-7

"അവിടുന്ന് ഇപ്രകാരം ഉദ്ഘോഷിച്ചുകൊണ്ട് അവന്റെ മുൻപിലൂടെ കടന്നു പോയി: കർത്താവ്, കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ; തെറ്റുകളും കുറ്റങ്ങളും പാപങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോട് കരുണ കാണിക്കുന്നവൻ; എന്നാൽ, കുറ്റവാളിയുടെനേരേ കണ്ണടയ്ക്കാതെ പിതാക്കൻമാരുടെ കുറ്റങ്ങൾക്കു മക്കളെയും മക്കളുടെ മക്കളെയും മൂന്നും നാലും തലമുറ യോളം ശിക്ഷിക്കുന്നവൻ".

142. **നിയ** 4:31

"നിങ്ങളുടെ ദൈവമായ കർത്താവു കരുണയുള്ള ദൈവമാണ്. അവിടുന്നു നിങ്ങളെ കൈവിടുകയോ നശിപ്പിക്കുകയോ നിങ്ങളുടെ പിതാക്കൻമാരോടു ശപഥം ചെയ്തിട്ടുള്ള ഉടമ്പടി വിസ്മരിക്കുകയോ ഇല്ല".

143. **സങ്കീ** 86:15

"എന്നാൽ കർത്താവേ, അങ്ങു കാരുണ്യവാനും കൃപാനിധിയുമായ ദൈവമാണ്; അങ്ങു ക്ഷമാശീലനും സ്നേഹസമ്പന്നനും വിശ്വസ്തനുമാണ്".

144. **സങ്കീ** 103:4

"അവിടുന്നു നിന്റെ ജീവനെ പാതാളത്തിൽനിന്നു രക്ഷിക്കുന്നു; അവിടുന്നു സ്നേഹവും കരുണയുംകൊണ്ടു നിന്നെ കിരീടമണിയിക്കുന്നു".

145. **സങ്കീ** 111:4

"തന്റെ അദ്ഭുതപ്രവൃത്തികളെ അവിടുന്നു സ്മരണീയമാക്കി; കർത്താവു കൃപാലുവും വാത്സല്യനിധിയുമാണ്".

146. **സങ്കീ** 145:8-9

"കർത്താവു കൃപാലുവും കരുണാമയനും ക്ഷമാശീലനും സ്നേഹസമ്പന്നനുമാണ്. കർത്താവ് എല്ലാവർക്കും നല്ലവനാണ്; തന്റെ സർവസൃഷ്ടിയുടെയും മേൽഅവിടുന്നു കരുണ ചൊരിയുന്നു".

147. **സുഭാ** 28:13

"തെറ്റുകൾ മറച്ചുവയ്ക്കുന്നവന് ഐശ്വര്യമുണ്ടാവുകയില്ല; അവ ഏറ്റുപറഞ്ഞ് പരിത്യ ജിക്കുന്നവന് കരുണ ലഭിക്കും".

148. **ഹോസി** 2:19

"എന്നേക്കുമായി നിന്നെ ഞാൻ പരിഗ്രഹിക്കും. നീതിയിലും സത്യത്തിലും സ്നേഹത്തിലും കാരുണ്യത്തിലും നിന്നെ ഞാൻ സ്വീകരിക്കും".

149. **മിക്കാ** 6:8

"മനുഷ്യാ, നല്ലതെന്തെന്ന് അവിടുന്ന് നിനക്കു കാണിച്ചുതന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക; കരുണ കാണിക്കുക; നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽനിന്ന് ആവശ്യപ്പെടുന്നത്?"

www.malankaralibrary.com

# 9. ബലി (Sacrifice)

150. **യോഹ** 15:13

"സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം ഇല്ല".

151. **ഗലാ** 2:20

"ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിതനായിരിക്കുന്നു. ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. എന്റെ ഇപ്പോഴത്തെ ഐഹിക ജീവിതം, എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവ പുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ്".

152. **എഫേ** 5:2

"ക്രിസ്തു നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും സ്നേഹത്തിൽ ജീവിക്കുവിൻ. അവിടുന്നു നമുക്കുവേണ്ടി സുരഭില കാഴ്ചയും ബലിയുമായി തന്നെത്തന്നെ ദൈവത്തിനു സമർപ്പിച്ചു".

153. **ഫിലി** 2:17

"നിങ്ങളുടെ ബലിയുടെയും വിശ്വാസത്തിൽ നിന്നുള്ള ശുശ്രൂഷയുടെയും മേൽ ഒരു നൈവേദ്യമായി എൻെറ ജീവൻ ചൊരിയേണ്ടിവന്നാൽത്തന്നെയും, ഞാൻ അതിൽ സന്തോഷിക്കുകയും നിങ്ങളെല്ലാവരോടുംകൂടെ ആനന്ദിക്കുകയും ചെയ്യും".

154. **ഹെബ്രാ** 9:26

"ആയിരുന്നെങ്കിൽ ലോകാരംഭംമുതൽ പലപ്രാവശ്യം അവൻ പീഡ സഹിക്കേണ്ടിവരുമായി രുന്നു. കാലത്തിന്റെ പൂർണതയിൽ തന്നെത്തന്നെ ബലിയർപ്പിച്ചുകൊണ്ട് പാപത്തെ നശിപ്പിക്കാൻ ഇപ്പോൾ ഇതാ, അവൻ ഒരിക്കൽ മാത്രം പ്രത്യക്ഷപ്പെട്ടിരിക്കുന്നു".

155. **ഹെബ്രാ** 13:15-16

"അവനിലൂടെ നമുക്ക് എല്ലായ്പോഴും ദൈവത്തിനു സ്തുതിയുടെ ബലി – അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരങ്ങളുടെ ഫലങ്ങൾ–അർപ്പിക്കാം. നൻമ ചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നതിലും ഉപേക്ഷ വരുത്തരുത്. അത്തരം ബലികൾ ദൈവത്തിനു പ്രീതികരമാണ്".

156. 1 **യോഹ** 3:16

"ക്രിസ്തു സ്വന്തം ജീവൻ നമുക്കുവേണ്ടി പരിത്യജിച്ചു എന്നതിൽനിന്നു സ്നേഹം എന്തെന്നു നാമറിയുന്നു. നമ്മളും സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കാൻ കടപ്പെട്ടിരിക്കുന്നു".

157. **വെളി** 5:9

"അവർ ഒരു നവ്യഗാനം ആലപിച്ചു: പുസ്കതകച്ചുരുൾ സ്വീകരിക്കാനും അതിൻെറ മുദ്രകൾ തുറക്കാനും നീ യോഗ്യനാണ്. കാരണം, നീ വധിക്കപ്പെടുകയും നിൻെറ രക്തംകൊണ്ട് എല്ലാ ഗോത്രത്തിലും ഭാഷയിലും ജനതകളിലും രാജ്യങ്ങളിലും നിന്നുള്ളവരെ ദൈവത്തിനുവേണ്ടി വിലയ്ക്കുവാങ്ങുകയും ചെയ്തു".

158. **സങ്കീ** 40:6-7

"ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിക്കുന്നില്ല; എന്നാൽ, അവിടുന്ന്എൻെറ കാതുകൾ തുറന്നുതന്നു. ദഹനബലിയും പാപപരിഹാരബലിയും അവിടുന്ന് ആവശ്യപ്പെട്ടില്ല. അപ്പോൾ ഞാൻ പറഞ്ഞു: ഇതാ ഞാൻ വരുന്നു; പുസ്തകച്ചുരുളിൽ എന്നെപ്പറ്റി എഴുതിയിട്ടുണ്ട്".

159. **സങ്കീ** 51:16-17

"ബലികളിൽ അങ്ങു പ്രസാദിക്കുന്നില്ല; ഞാൻ ദഹനബലി അർപ്പിച്ചാൽ അങ്ങു സന്തുഷ്ടനാവു കയുമില്ല. ഉരുകിയ മനസ്സാണു ദൈവത്തിനു സ്വീകാര്യമായ ബലി; ദൈവമേ, നുറുങ്ങിയ ഹൃദയത്തെ അങ്ങു നിരസിക്കുകയില്ല".

www.malankaralibrary.com

160. **ലേവ്യ** 1:3

"ദഹനബലിക്കുള്ള മൃഗം കാലിക്കൂട്ടത്തിൽ നിന്നാണെങ്കിൽ ഊനമറ്റ ഒരു കാളയെ സമർപ്പിക്കട്ടെ. കർത്താവിനു സ്വീകാര്യമാകാൻ അതിനെ സമാഗമകൂടാരത്തിന്റെ വാതിൽക്കൽ സമർപ്പിക്കട്ടെ".

161. **ഏശ** 53:10

"അവിടുന്നാണ് അവനെ ക്ലേശങ്ങൾക്കു വിട്ടുകൊടുത്തത്. പാപപരിഹാരബലിയായി തന്നെത്തന്നെ അർപ്പിക്കുമ്പോൾ അവൻ തൻെറ സന്തതിപരമ്പരയെ കാണുകയും ദീർഘായുസ്സു പ്രാപിക്കുകയും ചെയ്യും; കർത്താവിന്റെ ഹിതം അവനിലൂടെ നിറവേറുകയും ചെയ്യും".

162. **ഹോസി** 6:6

"ബലിയല്ല സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്. ദഹനബലികളല്ല ദൈവജ്ഞാനമാണ് എനിക്കിഷ്ടം".

# 10. അനുസരണം (Obedience)

163. **ലൂക്കാ** 6:46

"നിങ്ങൾ എന്നെ കർത്താവേ, കർത്താവേ, എന്നു വിളിക്കുകയും ഞാൻ പറയുന്ന കാര്യങ്ങൾ പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്?"

164. **യോഹ** 14:15

"നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എൻെറ കൽപന പാലിക്കും".

165. **അപ്പ** 5:29

"പത്രോസും അപ്പസ്തോലൻമാരും പ്രതിവചിച്ചു: മനുഷ്യരെക്കാൾ ദൈവത്തെയാണ് അനുസരിക്കേണ്ടത്".

166. **റോമാ** 6:16

"നിങ്ങൾ അനുസരണമുള്ള ദാസരെപ്പോലെ നിങ്ങളെത്തന്നെ ആർക്കെങ്കിലും സമർപ്പിക്കുമ്പോൾ, നിങ്ങൾ അവൻെറ അടിമകളാണെന്ന് അറിയുന്നില്ലേ? ഒന്നുകിൽ, മരണത്തിലേക്കു നയിക്കുന്ന പാപത്തിന്റെ അടിമകൾ; അല്ലെങ്കിൽ, നീതിയിലേക്കു നയിക്കുന്ന അനുസരണത്തിന്റെ അടിമകൾ".

167. **ഫിലി** 2:12

"എന്റെ പ്രിയപ്പെട്ടവരേ, നിങ്ങൾ എപ്പോഴും അനുസരണയോടെ വർത്തിച്ചിട്ടുള്ളതുപോലെ, എന്റെ സാന്നിധ്യത്തിൽമാത്രമല്ല, ഞാൻ അകന്നിരിക്കുന്ന ഈ സമയത്തും പൂർവാധികം ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ സ്വന്തം രക്ഷയ്ക്കുവേണ്ടി അധ്വാനിക്കുവിൻ".

168. **എഫേ** 6:1

"കുട്ടികളേ, കർത്താവിൽ നിങ്ങൾ മാതാപിതാക്കൻമാരെ അനുസരിക്കുവിൻ. അതുന്യായയുക്തമാണ്".

169. **കൊളോ** 3:20

"കുട്ടികളേ, എല്ലാകാര്യങ്ങളിലും നിങ്ങളുടെ മാതാപിതാക്കൻമാരെ അനുസരിക്കുവിൻ. ഇതു കർത്താവിനു പ്രീതികരമത്രേ".

170. **ഹെബ്രാ** 13:17

"നിങ്ങളുടെ നേതാക്കൻമാരെ അനുസരിക്കുകയും അവർക്കു വിധേയരായിരിക്കുകയും ചെയ്യുവിൻ. കണക്കേൽപിക്കാൻ കടപ്പെട്ട മനുഷ്യരെപ്പോലെ അവർ നിങ്ങളുടെ ആത്മാക്കളുടെ മേൽനോട്ടം വഹിക്കുന്നു. അങ്ങനെ അവർ സന്തോഷപൂർവം, സങ്കടം കൂടാതെ, ആ കൃത്യം ചെയ്യുന്നതിന് ഇടയാകട്ടെ. അല്ലെങ്കിൽ അതു നിങ്ങൾക്കു പ്രയോജനരഹിതമായിരിക്കും".

www.malankaralibrary.com

171. 1 **പത്രോ** 1:14

"മുൻകാലത്തു നിങ്ങൾക്കുണ്ടായിരുന്ന അജ്ഞതയുടെ വ്യാമോഹങ്ങൾക്ക്, അനുസരണയുള്ള മക്കളെന്ന നിലയിൽ, നിങ്ങൾ വിധേയരാകാതിരിക്കുവിൻ".

172. 1 **യോഹ** 2:3

"നാം അവന്റെ കൽപനകൾ പാലിച്ചാൽ അതിൽനിന്നു നാം അവനെ അറിയുന്നുവെന്നു തീർച്ചയാക്കാം".

173. **ഉത്പ** 22:18

"നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ടു നിന്റെ സന്തതിയിലൂടെ ലോകത്തിലെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും".

174. **പുറ** 19:5

"അതുകൊണ്ടു നിങ്ങൾ എന്റെ വാക്കുകേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനങ്ങളിലും വച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എൻെറ സ്വന്തം ജനമായിരിക്കും; കാരണം, ഭൂമി മുഴുവൻ എൻേറതാണ്".

175. **നിയ** 13:4

"നിങ്ങളുടെ ദൈവമായ കർത്താവിനെ അനുഗമിക്കുകയും ഭയപ്പെടുകയും ചെയ്യുവിൻ. നിങ്ങൾ അവിടുത്തെ കൽപനകൾ പാലിക്കുകയും വാക്കു കേൾക്കുകയും അവിടുത്തെ സേവിക്കുകയും അവിടുത്തോടു ചേർന്നു നിൽക്കുകയും ചെയ്യണം".

176. **ജോഷ്വാ** 1:7

"എന്റെ ദാസനായ മോശ നൽകിയിട്ടുള്ള എല്ലാ നിയമങ്ങളും അനുസരിക്കുകയും ശക്തനും ധീരനുമായിരിക്കുകയും ചെയ്യുക. അവയിൽ നിന്ന് ഇടംവലം വ്യതിചലിക്കരുത്. നിന്റെ ഉദ്യമങ്ങളിലെല്ലാം നീ വിജയം വരിക്കും".

177. 1 **സാമു** 15:22

"സാമുവൽ പറഞ്ഞു: തന്റെ കൽപന അനുസരിക്കുന്നതോ ദഹനബലികളും മറ്റു ബലികളും അർപ്പിക്കുന്നതോ കർത്താവിനു പ്രീതികരം? അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം; മുട്ടാടുകളുടെ മേദസ്സിനെക്കാൾ ഉത്കൃഷ്ടം".

178. **സങ്കീ** 119:44

"ഞാൻ അങ്ങയുടെ കൽപനകളെ നിരന്തരം എന്നേക്കും പാലിക്കും".

179. **ഏശ** 1:19

"അനുസരിക്കാൻ സന്നദ്ധരെങ്കിൽ നിങ്ങൾ ഐശ്വര്യം ആസ്വദിക്കും".

180. **ജറെ** 7:23

"എന്നാൽ ഒരു കാര്യം ഞാൻ അവരോടു കൽപിച്ചിരുന്നു: എന്റെ വാക്ക് അനുസരിക്കുവിൻ; ഞാൻ നിങ്ങളുടെ ദൈവവും നിങ്ങൾ എന്റെ ജനവുമായിരിക്കും. ഞാൻ നിങ്ങളോടു കൽപിക്കുന്ന മാർഗത്തിലൂടെ ചരിക്കുവിൻ; നിങ്ങൾക്കു ശുഭമായിരിക്കും".

www.malankaralibrary.com

# 11. സമാശ്വാസം (Consolation)

181. **മത്താ 5:4**

"വിലപിക്കുന്നവർ ഭാഗ്യവാൻമാർ; അവർ ആശ്വസിപ്പിക്കപ്പെടും".

182. **യോഹ 14:16-17**

"ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്കു തരുകയും ചെയ്യും. ഈ സത്യാത്മാവിനെ സ്വീകരിക്കാൻ ലോകത്തിനു സാധിക്കുകയില്ല. കാരണം, അത് അവനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല. എന്നാൽ, നിങ്ങൾ അവനെ അറിയുന്നു. കാരണം, അവൻ നിങ്ങളോടൊത്തു വസിക്കുന്നു; നിങ്ങളിൽ ആയിരിക്കുകയും ചെയ്യും".

183. **റോമ 8:18**

"നമുക്കു വെളിപ്പെടാനിരിക്കുന്ന മഹത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്നു ഞാൻ കരുതുന്നു".

184. **റോമ 8:26-27**

"നമ്മുടെ ബലഹീനതയിൽ ആത്മാവ് നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ, അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു. ഹൃദയങ്ങൾ പരിശോധിക്കുന്നവൻ ആത്മാവിൻെറ ഇംഗിതം ഗ്രഹിക്കുന്നു. എന്തെന്നാൽ, ആത്മാവ് ദൈവഹിതമനുസരിച്ചാണ് വിശുദ്ധർക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നത്".

185. **2 കോറി 1:3-4**

"നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ ദൈവവും പിതാവും, കരുണയുടെ പിതാവും സകല സമാശ്വാസത്തിൻെറയും ദൈവവുമായവൻ വാഴ്ത്തപ്പെട്ടവനാകട്ടെ!".

186. **2 കോറി 4:17**

"ഞങ്ങളുടെ ക്ലേശങ്ങൾ നിസ്സാരവും ക്ഷണികവുമാണ്; അവയുടെ ഫലമോ അനുപമമായ മഹത്വവും".

187. **ഫിലി 1:29**

"ക്രിസ്തുവിൽ വിശ്വസിക്കാൻമാത്രമല്ല, അവനുവേണ്ടി സഹിക്കാൻകൂടിയുള്ള അനുഗ്രഹം അവനെപ്രതി നിങ്ങൾക്കു ലഭിച്ചിരിക്കുന്നു".

188. **1 തെസ്സ 4:13-14**

"സഹോദരരേ, പ്രത്യാശയില്ലാത്ത മറ്റുള്ളവർ ചെയ്യുന്നതുപോലെ നിങ്ങൾ ദുഃഖിക്കാതിരിക്കാൻ, നിദ്രപ്രാപിച്ചവരെപ്പറ്റി നിങ്ങൾക്ക് അറിവുണ്ടായിരിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മരിക്കുകയും വീണ്ടും ഉയിർക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നതുപോലെ, യേശുവിൽ നിദ്രപ്രാപിച്ചവരെ ദൈവം അവനോടുകൂടെ ഉയിർപ്പിക്കും".

189. **1 പത്രോ 4:13**

"ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ! അവന്റെ മഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും".

190. **ഹെബ്രാ 13:6**

"അതിനാൽ നമുക്ക് ആത്മധൈര്യത്തോടെ പറയാം: കർത്താവാണ് എന്റെ സഹായകൻ; ഞാൻ ഭയപ്പെടുകയില്ല; മനുഷ്യന് എന്നോട് എന്തു ചെയ്യാൻ കഴിയും?"

www.malankaralibrary.com

191. **വെളി 21:4**

''അവിടുന്ന് അവരുടെ മിഴികളിൽനിന്നു കണ്ണീർ തുടച്ചുനീക്കും. ഇനി മരണം ഉണ്ടായിരിക്കുകയില്ല. ഇനിമേൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല. പഴയതെല്ലാം കടന്നുപോയി."

192. **സങ്കീ 23:4**

"മരണത്തിന്റെ നിഴൽവീണതാഴ്‌വരയിലൂടെയാണു ഞാൻ നടക്കുന്നതെങ്കിലും, അവിടുന്നു കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല; അങ്ങയുടെ ഊന്നുവടിയും ദണ്ഡും എനിക്ക് ഉറപ്പേകുന്നു".

193. **ഏശയ്യ 40:1-2**

"നിങ്ങളുടെ ദൈവം അരുളിച്ചെയ്യുന്നു: ആശ്വസിപ്പിക്കുവിൻ, എൻെറ ജനത്തെ സമാശ്വസിപ്പിക്കുവിൻ! ജറുസലെമിനോടു സൗമ്യമായി സംസാരിക്കുകയും അവളോടു പ്രഘോഷിക്കുകയും ചെയ്യുവിൻ! അവളുടെ അടിമത്തം അവസാനിച്ചു; തിൻമകൾ ക്ഷമിച്ചിരിക്കുന്നു. എല്ലാ പാപങ്ങൾക്കും കർത്താവിൽനിന്ന് ഇരട്ടി ശിക്ഷയും ലഭിച്ചിരിക്കുന്നു".

194. **ഏശയ്യ 51:3**

"കർത്താവ് സീയോനെ ആശ്വസിപ്പിക്കും; അവളുടെ വിജനപ്രദേശങ്ങളെ സാന്ത്വനപ്പെടുത്തും. അവളുടെ മരുപ്രദേശങ്ങളെ ഏദൻപോലെയും, മണലാരണ്യങ്ങളെ കർത്താവിന്റെ തോട്ടം പോലെയും ആക്കും. സന്തോഷവും ആനന്ദവും നന്ദിപ്രകടനങ്ങളും ഗാനാലാപങ്ങളും അവളിൽ നിറയും".

195. **സങ്കീ 119:50**

"അങ്ങയുടെ വാഗ്ദാനം എനിക്കു ജീവൻ നൽകുന്നു എന്നതാണ് ദുരിതങ്ങളിൽ എൻെറ ആശ്വാസം".

196. **സങ്കീ 34:18**

"ഹൃദയം നുറുങ്ങിയവർക്കു കർത്താവ് സമീപസ്ഥനാണ്; മനമുരുകിയവരെ അവിടുന്നു രക്ഷിക്കുന്നു".

197. **സങ്കീ 46:1-2**

"ദൈവമാണു നമ്മുടെ അഭയവും ശക്തിയും; കഷ്ടതകളിൽ അവിടുന്നുസുനിശ്ചിതമായ തുണയാണ്. ഭൂമി ഇളകിയാലും പർവതങ്ങൾസമുദ്രമധ്യത്തിൽ അടർന്നു പതിച്ചാലും നാം ഭയപ്പെടുകയില്ല".

198. **ഏശ 41:10**

"ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിൻെറ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തുകൈകൊണ്ടു ഞാൻ നിന്നെ താങ്ങിനിർത്തും".

199. **സങ്കീ 119:67**

"കഷ്ടതയിൽപ്പെടുന്നതിനുമുൻപു ഞാൻ വഴിതെറ്റിപ്പോയി; എന്നാൽ, ഇപ്പോൾ ഞാൻ അങ്ങയുടെ വചനം പാലിക്കുന്നു."

200. **സങ്കീ 119: 71**

ദുരിതങ്ങൾ എനിക്കുപകാരമായി; തൻമൂലം ഞാൻ അങ്ങയുടെ ചട്ടങ്ങൾ അഭ്യസിച്ചുവല്ലോ".

www.malankaralibrary.com

201. **ഏശ 53:3-4**

അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു. അവൻ വേദനയും ദുഃഖവും നിറഞ്ഞവനായിരുന്നു. അവനെ കണ്ടവർ മുഖം തിരിച്ചുകളഞ്ഞു. അവൻ നിന്ദിക്കപ്പെട്ടു; നാം അവരെ ബഹുമാനിച്ചതുമില്ല. നമ്മുടെ വേദനകളാണ് യഥാർഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്. എന്നാൽ, ദൈവം അവനെ പ്രഹരിക്കുകയും ശിക്ഷിക്കുകയും ദണ്ഡിപ്പിക്കുകയും ചെയ്തെന്നു നാം കരുതി.

# 12. സഹനവും സ്ഥിരോത്സാഹവും (Suffering and Perseverance)

202. **മത്താ 5:11-12**

എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിൻമകളും നിങ്ങൾക്കെതിരേ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാൻമാർ; നിങ്ങൾ ആനന്ദിച്ചാഹ്ളാദിക്കുവിൻ; സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകൻമാരെയും അവർ ഇപ്രകാരം പീഡിപ്പിച്ചിട്ടുണ്ട്.

203. **യോഹ 15:20**

ദാസൻയജമാനനെക്കാൾ വലിയവനല്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞവചനം ഓർമിക്കുവിൻ. അവർ എന്നെ പീഡിപ്പിച്ചുവെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും. അവർ എൻെറ വചനം പാലിച്ചുവെങ്കിൽ നിങ്ങളുടേതും പാലിക്കും.

204 **യാക്കോ 1:2-4**

"എൻെറ സഹോദരരേ, വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ, നിങ്ങൾ സന്തോഷിക്കുവിൻ. എന്തെന്നാൽ, വിശ്വാസം പരീക്ഷിക്കപ്പെടുമ്പോൾ നിങ്ങൾക്ക് അതിൽ സ്ഥിരത ലഭിക്കുമെന്ന് അറിയാമല്ലോ. ഈ സ്ഥിരത പൂർണഫലം പുറപ്പെടുവിക്കുകയും അങ്ങനെ നിങ്ങൾ പൂർണരും എല്ലാം തികഞ്ഞവരും ഒന്നിലും കുറവില്ലാത്തവരും ആവുകയും ചെയ്യും".

205. **റോമ 5:3-4**

"മാത്രമല്ല, നമ്മുടെ കഷ്ടതകളിലും നാം അഭിമാനിക്കുന്നു. എന്തെന്നാൽ, കഷ്ടത സഹനശീല വും, സഹനശീലം ആത്മധൈര്യവും, ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നു എന്നു നാം അറിയുന്നു."

206. **2 കോറി 1:3-4**

"നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ ദൈവവും പിതാവും, കരുണയുടെ പിതാവും സകല സമാശ്വാസത്തിൻെറയും ദൈവവുമായവൻ വാഴ്ത്തപ്പെട്ടവനാകട്ടെ! ദൈവം ഞങ്ങൾക്കു നൽകുന്ന സാന്ത്വനത്താൽ ഓരോ തരത്തിലുള്ള വ്യഥകളനുഭ വിക്കുന്നവരെ ആശ്വസിപ്പിക്കാൻ ഞങ്ങൾ ശക്തരാകേണ്ടതിനും, ഞങ്ങൾ ദൈവത്തിൽനിന്ന് അനുഭവിക്കുന്ന അതേ ആശ്വാസംതന്നെ അവരും അനുഭവിക്കേണ്ടതിനും അവിടുന്നു ഞങ്ങളെ എല്ലാ ക്ളേശങ്ങളിലും സമാശ്വസിപ്പിക്കുന്നു".

207. **ഹെബ്രാ 11:25**

"പാപത്തിന്റെ നൈമിഷികസുഖങ്ങൾ ആസ്വദിക്കുന്നതിനെക്കാൾ ദൈവജനത്തിന്റെ കഷ്ടപ്പാടുകളിൽ പങ്കുചേരുന്നതിനാണ് അവൻ ഇഷ്ടപ്പെട്ടത്".

208. **1 പത്രോസ് 2:20-21**

"തെറ്റുചെയ്തിട്ട് അടിക്കപ്പെടുമ്പോൾ ക്ഷമയോടെ സഹിച്ചാൽ നിങ്ങൾക്ക് എന്തു മഹത്വമാണുള്ളത്? നിങ്ങൾ നൻമചെയ്തിട്ടു പീഡകൾ സഹിക്കേണ്ടിവന്നാൽ, അതു ദൈവസന്നിധിയിൽ പ്രീതികരമാണ്. ഇതിനായിട്ടാണു നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. എന്തെന്നാൽ, ക്രിസ്തു നിങ്ങൾക്കുവേണ്ടി സഹിക്കുകയും നിങ്ങൾ അനുകരിക്കുന്നതിനുവേണ്ടി നിങ്ങൾക്കു മാതൃക നൽകുകയും ചെയ്തിരിക്കുന്നു".

www.malankaralibrary.com

# 13. ദൈവപരിപാലനം (Providence of God)

209. **റോമ 8:28**

"ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക്, അവിടുന്നു സകലവും നൻമയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ".

210. **മത്താ 6:26**

"ആകാശത്തിലെ പക്ഷികളെ നോക്കുവിൻ: അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ശേഖരിക്കുന്നുമില്ല. എങ്കിലും, നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് അവയെ തീറ്റിപ്പോറ്റുന്നു. അവയെക്കാൾ എത്രയോ വിലപ്പെട്ടവരാണു നിങ്ങൾ!".

211. **ലൂക്കാ 12:29-31**

"എന്തു തിന്നുമെന്നോ എന്തു കുടിക്കുമെന്നോ അന്വേഷിക്കേണ്ടാ; ആകുലചിത്തരാവുകയും വേണ്ടാ. ഈ ലോകത്തിൻെറ ജനതകളാണ് ഇതെല്ലാം അന്വേഷിക്കുന്നത്. നിങ്ങൾക്ക് ഇതെല്ലാം ആവശ്യമാണെന്ന് നിങ്ങളുടെ പിതാവിനറിയാം. നിങ്ങൾ അവിടുത്തെ രാജ്യം അന്വേഷിക്കുവിൻ. ഇവയെല്ലാം അതോടൊപ്പം നിങ്ങൾക്കു ലഭിക്കും".

212. **ഫിലി 4:19**

"എൻെറ ദൈവം തൻെറ മഹത്വത്തിൻെറ സമ്പന്നതയിൽനിന്ന് യേശുക്രിസ്തുവഴി നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം നൽകും".

213. **ഹെബ്രാ 1:3**

"അവൻ അവിടുത്തെ മഹത്വത്തിൻെറ തേജസും സത്തയുടെ മുദ്രയുമാണ്. തൻെറ ശക്തിയുടെ വചനത്താൽ അവൻ എല്ലാറ്റിനെയും താങ്ങിനിറുത്തുന്നു. പാപങ്ങളിൽനിന്നു നമ്മെ ശുദ്ധീകരിച്ചതിനു ശേഷം അത്യുന്നതങ്ങളിലുള്ള മഹത്വത്തിൻെറ വലത്തുഭാഗത്ത് അവൻ ഉപവിഷ്ടനായി".

214. **ഉല്പ 50:20**

"നിങ്ങൾ എനിക്കു തിൻമചെയ്തു. പക്ഷേ, ദൈവം അതു നൻമയാക്കി മാറ്റി. ഇന്നു കാണുന്നതുപോലെ അനേകംപേരുടെ ജീവൻ രക്ഷിക്കാൻ വേണ്ടിയാണ് അവിടുന്ന് അതു ചെയ്തത്".

215. **സങ്കീ 139:13-14**

"അവിടുന്നാണ് എന്റെ അന്തരംഗത്തിനു രൂപം നൽകിയത്; എൻെറ അമ്മയുടെ ഉദരത്തിൽ അവിടുന്ന് എന്നെ മെനഞ്ഞു. ഞാൻ അങ്ങയെ സ്തുതിക്കുന്നു; എന്തെന്നാൽ, അങ്ങ് എന്നെ വിസ്മയനീയമായി സൃഷ്ടിച്ചു; അവിടുത്തെ സൃഷ്ടികൾ അദ്ഭുതകരമാണ്. എനിക്കതു നന്നായി അറിയാം".

216. **ഏശയ്യ 46:10**

"എന്റെ ഉപദേശങ്ങൾ നിലനിൽക്കും, എന്റെ ഉദ്ദേശ്യങ്ങൾ ഞാൻ നിറവേറ്റുകയും ചെയ്യും എന്നു പറഞ്ഞ് ആദിയിലേ ഞാൻ എൻെറ ഉദ്ദേശ്യം വെളിപ്പെടുത്തി. പുരാതനകാലംമുതൽ സംഭവിക്കാനിരിക്കുന്നവ ഞാൻ വെളിപ്പെടുത്തി".

217. **സുഭാ 19:21**

"മനുഷ്യൻ പലതും ആലോചിച്ചുവയ്ക്കുന്നു; നടപ്പിൽ വരുന്നത് കർത്താവിൻെറ തീരുമാനമാണ്".

218. **ജറെ 29:11**

"കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എൻെറ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് – നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി".

219. **ജോബ് 1:21**

"സാഷ്ടാംഗം വീണു നമസ്കരിച്ചു. അവൻ പറഞ്ഞു: അമ്മയുടെ ഉദരത്തിൽനിന്ന് നഗ്നനായി ഞാൻ വന്നു. നഗ്നനായിത്തന്നെ ഞാൻ പിൻവാങ്ങും. കർത്താവ് തന്നു; കർത്താവ് എടുത്തു, കർത്താവിൻെറ നാമം മഹത്വപ്പെടട്ടെ!".

220. **ഏശ 58:11**

"കർത്താവ് നിന്നെ നിരന്തരം നയിക്കും; മരുഭൂമിയിലും നിനക്കു സമൃദ്ധി നൽകും; നിൻെറ അസ്ഥികളെ ബലപ്പെടുത്തും. നനച്ചു വളർത്തിയ പൂന്തോട്ടവും വറ്റാത്തനീരുറവയുംപോലെ ആകും നീ".

# 14. സൗഖ്യം (Healing)

221. **ഏശ 53:5**

"നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കു വേണ്ടി ക്ഷതമേൽപ്പിക്കപ്പെട്ടു. അവൻെറ മേലുള്ള ശിക്ഷ നമുക്കു രക്ഷ നൽകി; അവൻെറ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു".

222. **മത്താ 8:17**

"അവൻ നമ്മുടെ ബലഹീനതകൾ ഏറ്റെടുക്കുകയും രോഗങ്ങൾ വഹിക്കുകയുംചെയ്തു എന്ന് ഏശയ്യാ പ്രവചിച്ചത് അങ്ങനെ നിറവേറി".

223. **സങ്കീ 103:2-3**

"എൻെറ ആത്മാവേ, കർത്താവിനെ വാഴ്ത്തുക; അവിടുന്നു നൽകിയ അനുഗ്രഹമൊന്നും മറക്കരുത്. അവിടുന്നു നിൻെറ അകൃത്യങ്ങൾ ക്ഷമിക്കുന്നു; നിൻെറ രോഗങ്ങൾ സുഖപ്പെടുത്തുന്നു".

224. **ഏശ 61:1-2**

"ദൈവമായ കർത്താവിൻെറ ആത്മാവ് എൻെറ മേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകംചെയ്തിരിക്കുന്നു. ഹൃദയം തകർന്ന വരെ ആശ്വസിപ്പിക്കാനും തടവുകാർക്കു മോചനവും ബന്ധിതർക്കു സ്വാതന്ത്ര്യവും പ്രഖ്യാപിക്കാനും കർത്താവിൻെറ കൃപാവത്സരവും നമ്മുടെ ദൈവത്തിൻെറ പ്രതികാരദിനവും പ്രഘോഷിക്കാനും വിലപിക്കുന്നവർക്കു സമാശ്വാസം നൽകാനും എന്നെ അയച്ചിരിക്കുന്നു".

225. **മത്താ 11:28-30**

"അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എൻെറ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എൻെറ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ, നിങ്ങൾക്ക് ആശ്വാസം ലഭിക്കും. എന്തെന്നാൽ, എൻെറ നുകം വഹിക്കാനെളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ്".

226. **1 പത്രോ 2:24**

"നമ്മുടെ പാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട് അവൻ കുരിശിലേറി. അത്, നാം പാപത്തിനു മരിച്ചു നീതിക്കായി ജീവിക്കേണ്ടതിനാണ്. അവൻെറ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു".

227. **ജറെ 30:17**

"ഞാൻ നിനക്കു വീണ്ടും ആരോഗ്യം നൽകും; നിൻെറ മുറിവുകൾ സുഖപ്പെടുത്തും. കർത്താവ് അരുളിച്ചെയ്യുന്നു: അവർ നിന്നെ ഭ്രഷ്ട എന്നും ആരും തിരിഞ്ഞു നോക്കാത്ത സീയോൻ എന്നും വിളിച്ചില്ലേ?"

www.malankaralibrary.com

228. **മർക്കോ 9:29**

"അവൻ പറഞ്ഞു: പ്രാർഥനകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗം പുറത്തുപോവുകയില്ല".

229. **3 യോഹ 1:2**

"വാത്സല്യഭാജനമേ, നിന്റെ ആത്മാവു ക്ഷേമസ്ഥിതിയിലായിരിക്കുന്നതുപോലെ തന്നെ, എല്ലാകാര്യങ്ങളിലും നിനക്ക് ഐശ്വര്യമുണ്ടാകട്ടെ എന്നും നീ ആരോഗ്യവാനായിരിക്കട്ടെ എന്നും ഞാൻ പ്രാർഥിക്കുന്നു".

230. **യാക്കോ** 5:15-16

"വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും; കർത്താവ് അവനെ എഴുന്നേൽപിക്കും; അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവനു മാപ്പു നൽകും. നിങ്ങൾ സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങൾ ഏറ്റുപറയുകയും പ്രാർഥിക്കുകയും ചെയ്യുവിൻ. നീതിമാന്റെ പ്രാർഥന വളരെ ശക്തിയുള്ളതും ഫലദായകവുമാണ്".

231. **സങ്കീ 30:2**

"എന്റെ ദൈവമായ കർത്താവേ, ഞാനങ്ങയോടു നിലവിളിച്ച് അപേക്ഷിച്ചു, അവിടുന്ന് എന്നെ സുഖപ്പെടുത്തുകയും ചെയ്തു".

232. **പുറ 15:26**

"നീ നിന്റെ ദൈവമായ കർത്താവിന്റെ സ്വരം ശ്രദ്ധാപൂർവം ശ്രവിക്കുകയും അവിടുത്തെ ദൃഷ്ടിയിൽ ശരിയായതു പ്രവർത്തിക്കുകയും അവിടുത്തെ കൽപനകൾ അനുസരിക്കുകയും ചട്ടങ്ങൾ പാലിക്കുകയും ചെയ്താൽ ഞാൻ ഈജിപ്തുകാരുടെമേൽ വരുത്തിയ മഹാമാരികളിലൊന്നും നിന്റെ മേൽ വരുത്തുകയില്ല; ഞാൻ നിന്നെ സുഖപ്പെടുത്തുന്ന കർത്താവാണ്".

## 15. നീതീകരണം (Justification)

233. **റോമ 3:24**

"അവർ അവിടുത്തെ കൃപയാൽ യേശുക്രിസ്തു വഴിയുള്ള വീണ്ടെടുപ്പിലൂടെ സൗജന്യമായി നീതീകരിക്കപ്പെടുന്നു".

234. **ഗലാ 2:16**

"എന്നിരിക്കിലും, നിയമത്തിന്റെ അനുഷ്ഠാനത്തിലൂടെയല്ല, യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയാണ് ഒരുവൻ നീതീകരിക്കപ്പെടുന്നതെന്നു നമുക്ക് അറിയാം. നിയമാനുഷ്ഠാനം വഴിയല്ല, ക്രിസ്തുവിലുള്ള വിശ്വാസംവഴി നീതീകരിക്കപ്പെടേണ്ടതിനാണ് നാം തന്നെയും യേശുക്രിസ്തുവിൽ വിശ്വസിച്ചത്. എന്തെന്നാൽ, നിയമാനുഷ്ഠാനംവഴി ഒരുവനും നീതീകരിക്കപ്പെടുകയില്ല".

235. **ഫിലി 3:9**

"എനിക്കു നിയമത്തിൽനിന്നു ലഭിക്കുന്ന നീതിയല്ല ഉള്ളത്; പിന്നെയോ ക്രിസ്തുവിലുള്ള വിശ്വാസംവഴി ലഭിക്കുന്ന നീതിയാണ്. അതായത്, വിശ്വാസത്തെ ആസ്പദമാക്കി ദൈവത്തിൽനിന്നുള്ള നീതി".

236. **തീത്തോ 3:6-7**

" ദൈവം നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിലൂടെയാണ് പരിശുദ്ധാത്മാവിനെ നമ്മുടെമേൽ സമൃദ്ധമായി വർഷിച്ചത്. അവിടുത്തെ കൃപാവരത്താൽ നാം നീതികരിക്കപ്പെടുന്നതിനും നിത്യജീവനെപ്പറ്റിയുള്ള പ്രത്യാശയിൽ നാം അവകാശികളാകുന്നതിനുംവേണ്ടിയാണ് ഇങ്ങനെ ചെയ്തത്.".

www.malankaralibrary.com

237. **ഉല്പ** 15:6

"അവൻ കർത്താവിൽ വിശ്വസിച്ചു. അവിടുന്ന് അത് അവനു നീതീകരണമായി കണക്കാക്കി".

238. **റോമ 4:3-5**

"അബ്രാഹം ദൈവത്തിൽ വിശ്വസിച്ചു; അത് അവനു നീതിയായി പരിഗണിക്കപ്പെട്ടു. ജോലി ചെയ്യുന്നവൻെറ കൂലി കണക്കാക്കപ്പെടുന്നതു ദാനമായിട്ടല്ല, അവകാശമായിട്ടാണ്. പ്രവൃത്തികൾ കൂടാതെതന്നെ പാപിയെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവൻെറ വിശ്വാസം നീതിയായി പരിഗണിക്കപ്പെടുന്നു".

239. **യാക്കോ** 2:24

"മനുഷ്യൻ വിശ്വാസംകൊണ്ടു മാത്രമല്ല പ്രവൃത്തികളാലുമാണു നീതീകരിക്കപ്പെടുന്നതെന്നു നിങ്ങൾ അറിയുന്നു".

240. **1 യോഹ 3:10**

"നീതി പ്രവർത്തിക്കാത്ത ഒരുവനും ദൈവത്തിൽ നിന്നുള്ളവനല്ല; തൻെറ സഹോദരനെ സ്നേഹിക്കാത്തവനും അങ്ങനെതന്നെ".

241. **എഫേ 1:7**

"അവിടുത്തെ കൃപയുടെ സമൃദ്ധിക്കൊത്ത് നമുക്കു ക്രിസ്തുവിൽ പാപമോചനവും അവന്റെ രക്തംവഴി രക്ഷയും കൈവന്നിരിക്കുന്നു".

242. **റോമ 5:1**

"വിശ്വാസത്താൽ നീതീകരിക്കപ്പെട്ട നമുക്ക് നമ്മുടെ കർത്താവായ യേശുക്രിസ്തുവഴി ദൈവവുമായി സമാധാനത്തിൽ ആയിരിക്കാം".

# 16. രക്ഷ (Salvation)

243. **യോഹ 10:28**

"ഞാൻ അവയ്ക്കു നിത്യജീവൻ നൽകുന്നു. അവ ഒരിക്കലും നശിച്ചുപോവുകയില്ല. അവയെ എൻെറ അടുക്കൽനിന്ന് ആരും പിടിച്ചെടുക്കുകയുമില്ല".

244. **റോമ 10:9-10**

"ആകയാൽ, യേശു കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും. എന്തുകൊണ്ടെന്നാൽ, മനുഷ്യൻ ഹൃദയംകൊണ്ട് വിശ്വസിക്കുകയും തൻമൂലം നീതീകരിക്കപ്പെടുകയും ചെയ്യുന്നു. അവൻ അധരംകെണ്ട് ഏറ്റുപറയുകയും തൻമൂലം രക്ഷപ്രാപിക്കുകയും ചെയ്യുന്നു".

245. **ഹോസിയ 13:4**

"നീ ഈജിപ്ത് ദേശത്തായിരുന്ന നാൾമുതൽ നിൻെറ ദൈവമായ കർത്താവ് ഞാനാണ്. എന്നെയല്ലാതെ മറ്റൊരു ദൈവത്തെനീ അറിയുന്നില്ല. ഞാനല്ലാതെ മറ്റൊരു രക്ഷകനില്ല".

246. **അപ്പ. പ്ര 4:12**

"ആകാശത്തിനു കീഴെമനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല".

247. **1 കോറി 1:30**

"യേശുക്രിസ്തുവിലുള്ള നിങ്ങളുടെ ജീവിതത്തിൻെറ ഉറവിടം അവിടുന്നാണ്. ദൈവം അവനെ നമുക്കു ജ്ഞാനവും നീതിയും വിശുദ്ധീകരണവും പരിത്രാണവും ആക്കിയിരിക്കുന്നു".

www.malankaralibrary.com

248. **2 തിമോ 1:9**

"അവിടുന്നു നമ്മെ രക്ഷിക്കുകയും വിശുദ്ധമായ വിളിയാൽ നമ്മെ വിളിക്കുകയും ചെയ്തിരിക്കുന്നു. അതു നമ്മുടെ പ്രവൃത്തികളുടെ ഫലമായിട്ടല്ല, അവിടുത്തെ സ്വന്തം ഉദ്ദേശ്യത്തെ മുൻനിർത്തിയും യുഗങ്ങൾക്കുമുമ്പ് യേശുക്രിസ്തുവിൽ നമുക്കു നല്കിയ കൃപാവരമനുസരിച്ചുമാണ്.

249. **1 യോഹ 5:11-12**

"ഇതാണ് ആ സാക്ഷ്യം: ദൈവം നമുക്കു നിത്യജീവൻ നൽകി. ഈ ജീവൻ അവിടുത്തെ പുത്ര നിലാണ്. പുത്രനെ സ്വന്തമാക്കിയവൻ ജീവനെ സ്വന്തമാക്കിയിരിക്കുന്നു. ദൈവപുത്രനെ സ്വന്തമാക്കാത്തവനു ജീവൻ ഇല്ല".

250. **ഏശ 43:11**

"ഞാൻ, അതേ, ഞാൻ തന്നെയാണു കർത്താവ്. ഞാനല്ലാതെ മറ്റൊരു രക്ഷകനില്ല".

251. **ഏശ 45:21-22**

"നിങ്ങളുടെ ന്യായവാദം ഉന്നയിക്കുവിൻ; അവർ കൂടിയാലോചിക്കട്ടെ. പുരാതനമായ ഈ കാര്യങ്ങൾ പണ്ടുതന്നെ നിങ്ങളോടു പറഞ്ഞതാരാണ്? കർത്താവായ ഞാൻ തന്നെയല്ലേ? ഞാനല്ലാതെ മറ്റൊരു ദൈവമില്ല. ഞാനല്ലാതെ നീതിമാനായ ദൈവവും രക്ഷകനുമായി മറ്റാരുമില്ല. ഭൂമിയുടെ അതിർത്തികളേ, എന്നിലേക്കു തിരിഞ്ഞു രക്ഷപെടുക. ഞാനാണു ദൈവം; ഞാനല്ലാതെ മറ്റൊരു ദൈവം ഇല്ല".

# 17. പാപം (Sin)

252. **മത്താ** 25:41

"അനന്തരം അവൻ തൻെറ ഇടത്തു ഭാഗത്തുള്ളവരോടു പറയും: ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽ നിന്നകന്ന് പിശാചിനും അവൻെറ ദൂതൻമാർക്കുമായി സജ്ജമാക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ".

253. **റോമ 3:23**

"എല്ലാവരും പാപംചെയ്ത് ദൈവമഹത്വത്തിന് അയോഗ്യരായി".

254. **1 യോഹ 1:8**

"നമുക്കു പാപമില്ലെന്നു നാം പറഞ്ഞാൽ അത് ആത്മവഞ്ചനയാകും; അപ്പോൾ നമ്മിൽ സത്യ മില്ലെന്നു വരും".

255. **സങ്കീ 51:5**

"പാപത്തോടെയാണു ഞാൻ പിറന്നത്; അമ്മയുടെ ഉദരത്തിൽ ഉരുവായപ്പോഴേ ഞാൻ പാപിയാണ്".

256. **ജറെ 17:9**

"ഹൃദയം മറ്റെന്തിനെക്കാളും കാപട്യമുള്ളതാണ്; ശോചനീയമാംവിധം ദുഷിച്ചതുമാണ്. അതിനെ ആർക്കാണു മനസിലാക്കാൻ കഴിയുക?".

257. **യാക്കോ 1:14-15**

"ഓരോരുത്തരും പരീക്ഷിക്കപ്പെടുന്നതു സ്വന്തം ദുർമോഹങ്ങളാൽ വശീകരിക്കപ്പെട്ടു കുടുക്കിലാകുമ്പോഴാണ്. ദുർമോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം പൂർണ വളർച്ചപ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു".

www.malankaralibrary.com

258. **റോമ** 6:22

"ഇപ്പോൾ നിങ്ങൾ പാപത്തിൽനിന്നു മോചിതരായി ദൈവത്തിന് അടിമകളായിരിക്കുകയാൽ നിങ്ങൾക്കു ലഭിക്കുന്നതു വിശുദ്ധീകരണവും അതിന്റ അവസാനം നിത്യജീവനുമാണ്. പാപത്തിന്റെ വേതനം മരണമാണ്".

259. **ഏശ** 59:2

"നിന്റെ അകൃത്യങ്ങൾ നിന്നെയും ദൈവത്തെയും തമ്മിൽ അകറ്റിയിരിക്കുന്നു; നിൻെറ പാപങ്ങൾ അവിടുത്തെ മുഖം നിന്നിൽനിന്നു മറച്ചിരിക്കുന്നു. അതിനാൽ അവിടുന്ന് നിൻെറ പ്രാർഥന കേൾക്കുന്നില്ല".

260. **സങ്കീ** 7:11

"ദൈവം നീതിമാനായ ന്യായാധിപനാണ്; അവിടുന്നു ദിനം പ്രതിരോഷംകൊള്ളുന്ന ദൈവമാണ്".

261. **എസക്കി** 18:4

"എല്ലാവരുടെയും ജീവൻ എൻേറതാണ്. പിതാവിൻെറ ജീവനെന്നപോലെ പുത്രൻെറ ജീവനും എനിക്കുള്ളതാണ്. പാപം ചെയ്യുന്നവൻെറ ജീവൻ നശിക്കും".

262. **1 യോഹ 1:9**

"എന്നാൽ, നാം പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്നു നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും".

263. **സങ്കീ 32:1-2**

"അതിക്രമങ്ങൾക്കു മാപ്പും പാപങ്ങൾക്കുമോചനവും ലഭിച്ചവൻ ഭാഗ്യവാൻ. കർത്താവു കുറ്റം ചുമത്താത്തവനുംഹൃദയത്തിൽ വഞ്ചനയില്ലാത്തവനും ഭാഗ്യവാൻ".

264. **2 കോറി 5:21**

"എന്തെന്നാൽ, അവനിൽ നാമെല്ലാവരും ദൈവത്തിൻെറ നീതിയാകേണ്ടതിന്, പാപം അറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപ മാക്കി".

265. **1 കോറി 10:13**

"മനുഷ്യസാധാരണമല്ലാത്ത ഒരു പ്രലോഭനവും നിങ്ങൾക്കു നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തനാണ്. നിങ്ങളുടെ ശക്തിക്കതീത മായ പ്രലോഭനങ്ങൾ ഉണ്ടാകാൻ അവിടുന്ന് അനുവദിക്കുകയില്ല. പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അവയെ അതിജീവിക്കാൻ വേണ്ട ശക്തി അവിടുന്ന് നിങ്ങൾക്കു നൽകും".

266. **സങ്കീ 119:11**

"അങ്ങേക്കെതിരേ പാപം ചെയ്യാതിരിക്കേണ്ടതിനു ഞാൻ അങ്ങയുടെ വചനം ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നു".

267. **സുഭാ 4:23**

"നിൻെറ ഹൃദയത്തെ ജാഗരൂകതയോടെ കാത്തുസൂക്ഷിക്കുക; ജീവൻെറ ഉറവകൾ അതിൽ നിന്നാണൊഴുകുന്നത്".

268. **2 തിമോ 2:22**

"അതിനാൽ, യുവസഹജമായ മോഹങ്ങളിൽനിന്നു ഓടിയകലുക; പരിശുദ്ധഹൃദയത്തോടെ കർത്താവിനെ വിളിക്കുന്നവരോടു ചേർന്ന് നീതി, വിശ്വാസം സ്നേഹം, സമാധാനം എന്നവയിൽ ലക്ഷ്യം വയ്ക്കുക".

www.malankaralibrary.com

269. **യാക്കോ 4:7**

"ആകയാൽ ദൈവത്തിനു വിധേയരാകുവിൻ; പിശാചിനെ ചെറുത്തു നിൽക്കുവിൻ, അപ്പോൾ അവൻ നിങ്ങളിൽനിന്ന് ഓടിയകന്നുകൊള്ളും".

# 18. പരിശുദ്ധി/വിശുദ്ധി (Holiness)

270. **പുറ 15:11**

കർത്താവേ, ദേവൻമാരിൽ അങ്ങേക്കു തുല്യനായി ആരുണ്ട്? കർത്താവേ, വിശുദ്ധിയാൽ മഹത്വപൂർണനും, ശക്തമായ പ്രവർത്തനങ്ങളിൽ ഭീതിദനും, അദ്ഭുതങ്ങൾ പ്രവർത്തിക്കുന്നവനുമായ അങ്ങേക്കു തുല്യനായി ആരുണ്ട്?

271. **1 സാമു 2:2**

കർത്താവിനെപ്പോലെ പരിശുദ്ധനായി മറ്റാരുമില്ല. കർത്താവല്ലാതെ മറ്റാരുമില്ല. നമ്മുടെ ദൈവത്തെപ്പോലെ സുസ്ഥിരമായ ഒരു ആശ്രയമില്ല.

272. **ഏശയ്യ 6:3**

അവ പരസ്പരം ഉദ്ഘോഷിച്ചുകൊണ്ടിരുന്നു: പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ. ഭൂമി മുഴുവൻ അവിടുത്തെ മഹത്വം നിറഞ്ഞിരിക്കുന്നു.

273. **ഏശയ്യ 57:15**

അത്യുന്നതനും മഹത്വപൂർണനുമായവൻ, അനന്തതയിൽ വസിക്കുന്ന പരിശുദ്ധൻ എന്ന നാമം വഹിക്കുന്നവൻ, അരുളിച്ചെയ്യുന്നു: ഞാൻ ഉന്നതമായ വിശുദ്ധസ്ഥലത്തു വസിക്കുന്നു. അനുതാപികളുടെ ഹൃദയത്തെയും വിനിതരുടെ ആത്മാവിനെയും നവീകരിക്കാൻ ഞാൻ അവരോടുകൂടെ വസിക്കുന്നു.

274. **എസ 38:23**

അങ്ങനെ അനേകം ജനതകളുടെ മുമ്പിൽ ഞാൻ എന്നെത്തന്നെ വെളിപ്പെടുത്തുകയും എൻെറ വിശുദ്ധിയും മഹത്വവും കാണിച്ചുകൊടുക്കുകയും ചെയ്യും. ഞാനാണ് കർത്താവ് എന്ന് അപ്പോൾ അവർ അറിയും.

275. **എസ 36 : 23**

ജനതകളുടെയിടയിൽ നിങ്ങൾ അശുദ്ധമാക്കിയ എൻെറ ശ്രേഷ്ഠനാമത്തിൻെറ പരിശുദ്ധി ഞാൻ തെളിയിക്കും. തങ്ങളുടെ കൺമുമ്പിൽവച്ച് നിങ്ങളിലൂടെ എൻെറ പരിശുദ്ധി ഞാൻ വെളിപ്പെടുത്തുമ്പോൾ ഞാനാണ് കർത്താവ് എന്ന് ജനതകൾ അറിയും, ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു.

276. **ആമോസ് 5 : 14**

തിൻമയല്ല, നൻമ അന്വേഷിക്കുവിൻ; നിങ്ങൾ ജീവിക്കും. നിങ്ങൾ പറയുന്നതുപോലെ, അപ്പോൾ സൈന്യങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.

277. **റോമ 12:1**

ആകയാൽ സഹോദരരേ, ദൈവത്തിൻെറ കാരുണ്യം അനുസ്മരിച്ചുകൊണ്ട് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു: നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർഥമായ ആരാധന.

278. **2 കോറി 7: 1**

പ്രിയപ്പെട്ടവരേ, ഈ വാഗ്ദാനങ്ങൾ നമുക്കുള്ളതിനാൽ ശരീരത്തിൻെറയും ആത്മാവിൻെറയും എല്ലാ അശുദ്ധിയിലുംനിന്നു നമ്മെത്തന്നെ ശുചീകരിക്കുകയും ദൈവഭയത്തിൽ വിശുദ്ധി പരിപൂർണമാക്കുകയും ചെയ്യാം.

www.malankaralibrary.com

279. **എഫേ 1 : 4**

തൻെറ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോക സ്ഥാപനത്തിനുമുമ്പുതന്നെ അവിടുന്നു നമ്മെക്രിസ്തുവിൽ തെരഞ്ഞെടുത്തു.

280. **1 തെസ 4: 7**

അശുദ്ധിയിലേക്കല്ല, വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്.

281. **ഹെബ്രാ 12 : 14**

എല്ലാവരോടും സമാധാനത്തിൽ വർത്തിച്ച് വിശുദ്ധിക്കുവേണ്ടി പരിശ്രമിക്കുവിൻ. വിശുദ്ധികൂടാതെ ആർക്കും കർത്താവിനെ ദർശിക്കാൻ സാധിക്കുകയില്ല.

282. **1 പത്രോ 1:16**

ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: ഞാൻ പരിശുദ്ധനായിരിക്കുന്നതുകൊണ്ട് നിങ്ങളും പരിശുദ്ധരായിരിക്കുവിൻ

283. **1 പത്രോസ് 2:9**

എന്നാൽ, നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിൻെറ സ്വന്തം ജനവുമാണ്.

284. **കൊളോ 1:22**

എന്നാൽ, ഇപ്പോൾ ക്രിസ്തു തൻെറ മരണംവഴി സ്വന്തം ഭൗതിക ശരീരത്തിൽ നിങ്ങളെ അനുരഞ്ജിപ്പിച്ചിരിക്കുന്നു. അവിടുത്തെ മുമ്പിൽ പരിശുദ്ധരും കുറ്റമറ്റവരും നിർമലരുമായി നിങ്ങളെ സമർപ്പിക്കുന്നതിനുവേണ്ടിയാണ് അവൻ ഇപ്രകാരംചെയ്തത.

285. **2 തെസ 2:13**

എന്നാൽ, കർത്താവിൻെറ വാത്സല്യഭാജനങ്ങളായ സഹോദരരേ, ആത്മാവുമുഖേനയുള്ള വിശുദ്ധീകരണത്താലും സത്യത്തിലുള്ള വിശ്വാസത്താലും രക്ഷയ്ക്കുള്ള ആദ്യഫലമായി നിങ്ങളെ ദൈവം തെരഞ്ഞെടുത്തിരിക്കുന്നു. ആകയാൽ, നിങ്ങൾക്കുവേണ്ടി എപ്പോഴും ദൈവത്തിനു കൃതജ്ഞതയർപ്പിക്കാൻ ഞങ്ങൾ കടപ്പെട്ടിരിക്കുന്നു.

286. **2 തിമോ 2:21**

ഒരുവൻ നികൃഷ്ഠമായ അവസ്ഥയിൽ നിന്നു തന്നെത്തന്നെ ശുദ്ധികരിക്കുന്നെങ്കിൻ അവൻ ശ്രേഷ്ഠമായ ഉപയോഗത്തിനുപറ്റിയതും ഗൃഹനായകനു പ്രയോജനകരവും ഏതൊരു നല്ലകാര്യത്തിനും ഉപയോഗ്യയോഗ്യവുമായ വിശുദ്ധപാത്രമാകും.

# 19. കൂട്ടായ്മ (Fellowship)

287. **മത്താ 18:20**

എന്തെന്നാൽ, രണ്ടോ മൂന്നോപേർ എൻെറ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും.

288. **യോഹ 17:21-22**

അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കു തന്ന മഹത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു.

www.malankaralibrary.com

289. **യോഹ 17:23**

അവർ പൂർണമായും ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടുന്ന് എന്നിലും ആയിരിക്കുന്നു. അങ്ങനെ, അങ്ങ് എന്നെ അയച്ചുവെന്നും അങ്ങ് എന്നെ സ്നേഹിച്ചതുപോലെതന്നെ അവരെയും സ്നേഹിച്ചുവെന്നും ലോകം അറിയട്ടെ.

290. **അ.പ്ര 1:14**

ഇവർ ഏകമനസോടെ യേശുവിൻെറ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവൻെറ സഹോദരരോടുമൊപ്പം പ്രാർഥനയിൽ മുഴുകിയിരുന്നു

291. **അ.പ്ര 2:42**

അവർ അപ്പസ്തോലൻമാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർഥന എന്നിവയിൽ സദാ താത്പര്യപൂർവ്വം പങ്കുചേർന്നു

292. **റോമ 12:5**

അതുപോലെ, നാം പലരാണെങ്കിലും ക്രിസ്തുവിൽ ഏകശരീരമാണ്. എല്ലാവരും പരസ്പരം ബന്ധപ്പെട്ട അവയവങ്ങളുമാണ്.

293. **1 കോറി 1:9**

തൻെറ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിൻെറ സഹവാസത്തിലേക്കു നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തനാണ്.

294. **ഫിലി 1:5**

ആദ്യദിവസംമുതൽ ഇന്നുവരെയും സുവിശേഷപ്രചാരണത്തിലുള്ള നിങ്ങളുടെ കൂട്ടായ്മയ്ക്കു ഞാൻ നന്ദി പറയുന്നു

295. **ഫിലി 2:1-2**

ആകയാൽ ക്രിസ്തുവിൽ എന്തെങ്കിലും ആശ്വാസമോ സ്നേഹത്തിൽനിന്നുള്ള സാന്ത്വനമോ ആത്മാവിലുള്ള കൂട്ടായ്മയോ എന്തെങ്കിലും കാരുണ്യമോ അനുകമ്പയോ ഉണ്ടെങ്കിൽ നിങ്ങൾ ഒരേ കാര്യങ്ങൾ ചിന്തിച്ചുകൊണ്ട്, ഒരേ സ്നേഹത്തിൽ വർത്തിച്ച്, ഒരേ ആത്മാവും ഒരേ അഭിപ്രായവും ഉള്ളവരായി എൻെറ സന്തോഷം പൂർണമാക്കുവിൻ.

296. **1 യോഹ 1:3**

ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതു നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്കും കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇതു പ്രഘോഷിക്കുന്നത്. ഞങ്ങളുടെ കൂട്ടായ്മയാകട്ടെ, പിതാവിനോടും അവിടുത്തെ പുത്രനായ യേശു ക്രിസ്തുവിനോടുമാണ്.

297. **1 യോഹ 1:7**

അവിടുന്നു പ്രകാശത്തിലായിരിക്കുന്നതുപോലെ, നമ്മളും പ്രകാശത്തിൽ സഞ്ചരിക്കുന്നെങ്കിൽ നമുക്കു പരസ്പരം കൂട്ടായ്മയുണ്ടാകും. അവിടുത്തെ പുത്രനായ യേശുവിൻെറ രക്തം എല്ലാ പാപങ്ങളിലും നിന്നു നമ്മെ ശുദ്ധീകരിക്കുന്നു

298. **സങ്കീ 55:14**

നമ്മൾ ഉള്ളുതുറന്നു സംസാരിക്കുമായിരുന്നു; നമ്മെളൊന്നിച്ചു ദേവാലയത്തിൽകൂട്ടായ്മ ആചരിക്കുമായിരുന്നു.

299. **സങ്കീ 133:1**

സഹോദരർ ഏകമനസായി ഒരുമിച്ചു വസിക്കുന്നത് എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ്.

www.malankaralibrary.com

# 20. ശിഷ്യത്വം (Discipleship)

300. **മത്താ** 16:24-25

"യേശു ശിഷ്യൻമാരോട് അരുളിച്ചെയ്തു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ. സ്വന്തം ജീവൻ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തും; എന്നാൽ, ആരെങ്കിലും എനിക്കുവേണ്ടി സ്വജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അതു കണ്ടെത്തും".

301. **മത്താ 28:18-19**

യേശു അവരെ സമീപിച്ച്, അരുളിച്ചെയ്തു: സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ, നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ.

302. **മർക്കോ** 8:34

"അവൻ ശിഷ്യൻമാരോടൊപ്പം ജനക്കൂട്ടത്തെയും തന്റെ അടുത്തേക്കു വിളിച്ചുവരുത്തി അവരോടു പറഞ്ഞു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ".

303. **ലൂക്കാ 9:23**

അവൻ എല്ലാവരോടുമായി പറഞ്ഞു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തൻെറ കുരിശുമെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ.

304. **യോഹ 8:31**

തന്നിൽ വിശ്വസിച്ച യഹൂദരോട് യേശു പറഞ്ഞു: എൻെറ വചനത്തിൽ നിലനിൽക്കുമെങ്കിൽ നിങ്ങൾയഥാർഥത്തിൽ എൻെറ ശിഷ്യരാണ്.

305. **യോഹ 13:35**

നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എൻെറ ശിഷ്യൻമാരാണെന്ന് അതുമൂലം എല്ലാവരും അറിയും.

# 21. കുടുംബം (Family)

306. **മത്താ 19:4-6**

സ്രഷ്ടാവ് ആദിമുതലേ അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു എന്നും, ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോടു ചേർന്നിരിക്കും; അവർ ഇരുവരും ഏകശരീരമായിത്തീരും എന്ന് അവിടുന്ന് അരുളിച്ചെയ്തിട്ടുണ്ടെന്നും നിങ്ങൾ വായിച്ചിട്ടില്ലേ? തൻമൂലം, പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും. ആകയാൽ, ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ

307. **മർക്കോ 3:24-25**

അന്തശ്ഛിദ്രമുള്ള രാജ്യം നിലനിൽക്കുകയില്ല. അന്തശ്ഛിദ്രമുള്ള ഭവനവും നിലനിൽക്കുകയില്ല.

308. **മർക്കോ 10:13-14**

അവൻ തൊട്ട് അനുഗ്രഹിക്കുന്നതിനുവേണ്ടി ശിശുക്കളെ അവൻെറ അടുക്കൽ അവർ കൊണ്ടുവന്നു. ശിഷ്യൻമാരാകട്ടെ അവരെ ശകാരിച്ചു. ഇതു കണ്ടപ്പോൾ യേശു കോപിച്ച് അവരോടു പറഞ്ഞു: ശിശുക്കൾ എൻെറയടുത്തു വരാൻ അനുവദിക്കുവിൻ. അവരെ തടയരുത്. എന്തെന്നാൽ, ദൈവരാജ്യം അവരെപ്പോലുള്ളവരുടേതാണ്.

www.malankaralibrary.com

309. **മർക്കോ 10:15**

സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്ത ആരും അതിൽ പ്രവേശിക്കുകയില്ല. അവൻ ശിശുക്കളെ എടുത്ത്, അവരുടെമേൽ കൈകൾ വച്ച് അനുഗ്രഹിച്ചു.

310. **ലൂക്കോ 19:9-10**

യേശു അവനോടു പറഞ്ഞു: ഇന്ന് ഈ ഭവനത്തിനു രക്ഷ ലഭിച്ചിരിക്കുന്നു. ഇവനും അബ്രാഹത്തിൻെറ പുത്രനാണ്. നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തി രക്ഷിക്കാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്.

311. **എഫേ 5:22-24**

ഭാര്യമാരേ, നിങ്ങൾ കർത്താവിന് എന്നപോലെ ഭർത്താക്കൻമാർക്കു വിധേയരായിരിക്കുവിൻ. എന്തെന്നാൽ, ക്രിസ്തു തൻെറ ശരീരമായ സഭയുടെ ശിരസ്സായിരിക്കുന്നതുപോലെ, ഭർത്താവ് ഭാര്യയുടെ ശിരസാണ്; ക്രിസ്തുതന്നെയാണ് ശരീരത്തിൻെറ രക്ഷകനും. സഭ ക്രിസ്തുവിനു വിധേയ ആയിരിക്കുന്നതുപോലെ ഭാര്യമാർ എല്ലാ കാര്യങ്ങളിലും ഭർത്താക്കൻമാർക്കു വിധേയരായിരിക്കണം.

312. **എഫേ 5:25**

ഭർത്താക്കൻമാരേ, ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം.

313. **1 തിമോ 3:4-5**

അവൻ തന്റെ കുടുബത്തെ ശരിയായി നിയന്ത്രിക്കുന്നവനും സന്താനങ്ങളെ അനുസരണത്തിലും വിനയത്തിലും വളർത്തുന്നവനുമായിരിക്കണം. സ്വന്തം കുടുബത്തെ ഭരിക്കാൻ അറിഞ്ഞുകൂടാത്തവൻ ദൈവത്തിന്റെ സഭയെ എങ്ങനെ ഭരിക്കും?

314. **ഉല്പ 2:24**

അതിനാൽ, പുരുഷൻമാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും. അവർ ഒറ്റ ശരീരമായിത്തീരും

315. **പുറ 20:12**

നിൻെറ ദൈവമായ കർത്താവു തരുന്ന രാജ്യത്തു നീ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിനു നിൻെറ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക.

316. **ജോഷ്വാ 24:15**

ഞാനും എൻെറ കുടുംബവും കർത്താവിനെ സേവിക്കും.

317. **സങ്കീ 113:9**

അവിടുന്നു വന്ധ്യയ്ക്കു വസതി കൊടുക്കുന്നു; മക്കളെ നൽകി അവളെ സന്തുഷ്ടയാക്കുന്നു; കർത്താവിനെ സ്തുതിക്കുവിൻ.

318. **സങ്കീ 127:3-4**

കർത്താവിൻെറ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും. യൗവനത്തിൽ ജനിക്കുന്ന മക്കൾ യുദ്ധവീരൻെറ കൈയിലെ അസ്ത്രങ്ങൾപോലെയാണ്.

319. **ഹെബ്രാ 13:4**

എല്ലാവരുടെയിടയിലും വിവാഹം മാന്യമായി കരുതപ്പെടട്ടെ. മണവറ മലിനമാകാതിരിക്കട്ടെ. കാരണം, അസൻമാർഗികളെയും വ്യഭിചാരികളെയും ദൈവം വിധിക്കും.

320. **1 തിമോ 4:12**

ആരും നിന്റെ പ്രായക്കുറവിന്റെ പേരിൽ നിന്നെ അവഗണിക്കാൻ ഇടയാകരുത്. വാക്കുകളിലും പെരുമാറ്റത്തിലും സ്നേഹത്തിലും വിശ്വാസത്തിലും വിശുദ്ധിയിലും നീ വിശ്വസികൾക്കു മാതൃകയായിരിക്കുക.

www.malankaralibrary.com

321. **സഭാപ്ര 12:1**

ഒന്നിലും സന്തോഷം തോന്നുന്നില്ല എന്നു നീ പറയുന്ന ദുർദിനങ്ങളും വർഷങ്ങളും ആഗമിക്കും മുൻപ് യൗവനകാലത്ത് സ്രഷ്ടാവിനെ സ്മരിക്കുക.

## 22. ദൈവാനുഗ്രഹം (God's Blessing)

322. **ഉല്പ 27:29**

ധാന്യവും വീഞ്ഞും സമൃദ്ധമാവട്ടെ! ജനതകൾ നിനക്കു സേവ ചെയ്യട്ടെ! രാജ്യങ്ങൾ നിന്റെ മുമ്പിൽ തലകുനിക്കട്ടെ! നിന്റെ സഹോദരർക്കു നീ നാഥനായിരിക്കുക! നിന്റെ അമ്മയുടെ പുത്രൻമാർ നിന്റെ മുൻപിൽ തല കുനിക്കട്ടെ! നിന്നെ ശപിക്കുന്നവൻ ശപ്തനും അനുഗ്രഹിക്കുന്നവൻ അനുഗൃഹീതനുമാകട്ടെ!

323. **സംഖ്യ 6:24**

കർത്താവു നിന്നെ അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യട്ടെ.

324. **സങ്കീ 29:11**

കർത്താവു തന്റെ ജനത്തിനു ശക്തി പ്രദാനംചെയ്യട്ടെ! അവിടുന്നു തന്റെ ജനത്തെ സമാധാനം നൽകി അനുഗ്രഹിക്കട്ടെ!

325. **സങ്കീ 67:1**

ദൈവം നമ്മോടു കൃപ കാണിക്കുകയും നമ്മെ അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ! അവിടുന്നു തന്റെ പ്രീതി നമ്മുടെമേൽ ചൊരിയുമാറാകട്ടെ!

326. **സങ്കീ 67:6**

ഭൂമി അതിന്റെ വിളവു നൽകി, ദൈവം, നമ്മുടെ ദൈവം, നമ്മെ അനുഗ്രഹിച്ചു.

327. **സങ്കീ 118:26**

കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ; ഞങ്ങൾ കർത്താവിന്റെ ആലയത്തിൽ നിന്നു നിങ്ങളെ ആശീർവദിക്കും.

## 23. ഞാനാകുന്നു (Ego Eimi Sayings)

328. **യോഹ 6:35**

യേശു അവരോടു പറഞ്ഞു: ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല.

329. **യോഹ 8:12**

യേശു വീണ്ടും അവരോടു പറഞ്ഞു: ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും.

330. **യോഹ 10:7**

യേശു വീണ്ടും പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഞാനാണ് ആടുകളുടെ വാതിൽ.

331. **യോഹ 10:11**

ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു. യേശു അവളോടു പറഞ്ഞു:

www.malankaralibrary.com

332. **യോഹ 11:25**

ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻമരിച്ചാലും ജീവിക്കും.

333. **യോഹ 14:6**

യേശു പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിൻെറ അടുക്കലേക്കു വരുന്നില്ല.

334. **യോഹ 15:1-2**

ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയും എൻെറ പിതാവ് കൃഷിക്കാരനുമാണ്. എൻെറ ശാഖകളിൽ ഫലം തരാത്തതിനെ അവിടുന്നു നീക്കിക്കളയുന്നു. എന്നാൽ, ഫലം തരുന്നതിനെ കൂടുതൽ കായ്ക്കാനായി അവിടുന്നു വെട്ടിയൊരുക്കുകയും ചെയ്യുന്നു.

## 24. സത്യം സത്യമായി (Truly Truly)

335. **യോഹ 1:51**

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, സ്വർഗം തുറക്കപ്പെടുന്നതും ദൈവദൂതൻമാർ കയറിപ്പോകുന്നതും മനുഷ്യപുത്രൻെറമേൽ ഇറങ്ങിവരുന്നതും നിങ്ങൾ കാണും.

336. **യോഹ 3:3**

സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനു ദൈവരാജ്യം കാണാൻ കഴിയുകയില്ല.

337. **യോഹ 3:5**

സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല.

338. **യോഹ 5:19**

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. പിതാവു ചെയ്തുകാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. എന്നാൽ, പിതാവു ചെയ്യുന്നതെല്ലാം അപ്രകാരംതന്നെ പുത്രനും ചെയ്യുന്നു.

339. **യോഹ 5:24**

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എൻെറ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവനു ശിക്ഷാവിധി ഉണ്ടാകുന്നില്ല. പ്രത്യുത, അവൻ മരണത്തിൽനിന്നു ജീവനിലേക്കു കടന്നിരിക്കുന്നു.

340. **യോഹ 5:25**

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, മരിച്ചവർ ദൈവപുത്രൻെറ സ്വരം ശ്രവിക്കുന്ന സമയം വരുന്നു; അല്ല, വന്നുകഴിഞ്ഞു. ആ സ്വരം ശ്രവിക്കുന്നവർ ജീവിക്കും.

341. **യോഹ 6:26**

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അടയാളങ്ങൾ കണ്ടതുകൊണ്ടല്ല, അപ്പം ഭക്ഷിച്ചു തൃപ്തരായതുകൊണ്ടാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്.

342. **യോഹ 6:47-48**

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, വിശ്വസിക്കുന്നവനു നിത്യജീവനുണ്ട്. ഞാൻ ജീവൻെറ അപ്പമാണ്.

www.malankaralibrary.com

343. **യോഹ 8:34**

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പാപം ചെയ്യുന്നവൻ പാപത്തിന്‍െറ അടിമയാണ്

344. **യോഹ 8:51**

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ആരെങ്കിലും എന്‍െറ വചനം പാലിച്ചാൽ അവൻ ഒരിക്കലും മരിക്കുകയില്ല.

345. **യോഹ 8:58**

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. അബ്രാഹം ഉണ്ടാകുന്നതിനുമുമ്പ് ഞാൻ ഉണ്ട്.

346. **യോഹ 12:24**

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും.

347. **യോഹ 13:20**

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഞാൻ അയയ്ക്കുന്നവനെ സ്വീകരിക്കുന്നവൻ എന്നെയാണു സ്വീകരിക്കുന്നത്. എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു.

348. **യോഹ 14:12**

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നിൽ വിശ്വസിക്കുന്നവനും ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും. ഞാൻ പിതാവിന്‍െറ അടുത്തേക്കു പോകുന്നതുകൊണ്ട് ഇവയെക്കാൾ വലിയവയും അവൻ ചെയ്യും.

349. **യോഹ 16:20**

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും; എന്നാൽ, നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും.

350. **യോഹ 16:23**

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ എന്‍െറ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും.

# 25. നന്ദി (Thanksgiving)

351. **മത്താ 11:25**

യേശു ഉദ്ഘോഷിച്ചു: സ്വർഗത്തിന്‍െറയും ഭൂമിയുടെയും നാഥനായ പിതാവേ, നീ ഇക്കാര്യങ്ങൾ ബുദ്ധിമാൻമാരിലും വിവേകികളിലും നിന്നു മറച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു.

352. **ഫിലി 4:6**

ഒന്നിനെക്കുറിച്ചും ആകുലരാകേണ്ടാ. പ്രാർഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാസ്തോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ.

353. **1 കോറി 15:57**

നമ്മുടെ കർത്താവായ യേശുക്രിസ്തുവഴി നമുക്കു വിജയം നൽകുന്ന ദൈവത്തിനു നന്ദി.

www.malankaralibrary.com

354. **2 കോറി 4:15**

അങ്ങനെ കൂടുതൽ കൂടുതൽ ആളുകളിൽ കൃപ സമൃദ്ധമാകുന്നതുവഴി ദൈവ മഹത്വത്തിനു കൂടുതൽ കൃതജ്ഞത അർപ്പിക്കപ്പെടുന്നു.

355. **കോളോ 3:15**

ക്രിസ്തുവിൻെറ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ! ഈ സമാധാനത്തിലേക്കാണ് നിങ്ങൾ ഏകശരീരമായി വിളിക്കപ്പെട്ടത്. അതിനാൽ, നിങ്ങൾ കൃതജ്ഞതാനിർഭരരായിരിക്കുവിൻ.

356. **കോളോ 4:2**

കൃതജ്ഞതാഭരിതരായി ഉണർന്നിരുന്ന് നിരന്തരം പ്രാർഥിക്കുവിൻ

357. **1 തെസ 5:18–19**

എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം. ആത്മാവിനെ നിങ്ങൾ നിർവീര്യമാക്കരുത്.

358. **2 തെസ 1:3**

നിങ്ങളുടെ വിശ്വാസം സമൃദ്ധമായി വളരുകയും നിങ്ങളേവരുടെയും പരസ്പരസ്നേഹം വർധിച്ചുവരുകയും ചെയ്യുന്നതിനാൽ , സഹോദരരേ, നിങ്ങൾക്കുവേണ്ടി എപ്പോഴും ദൈവത്തിന് ഉചിതമാംവിധം നന്ദിപറയാൻ ഞങ്ങൾ കടപ്പെട്ടിരിക്കുന്നു

359. **ഹെബ്രാ 13:15**

അവനിലൂടെ നമുക്ക് എല്ലായ്പോഴും ദൈവത്തിനു സ്തുതിയുടെ ബലി – അവൻെറ നാമത്തെ ഏറ്റുപറയുന്ന അധരങ്ങളുടെ ഫലങ്ങൾ–അർപ്പിക്കാം.

360. **ഏശ 12:4**

ആ നാളിൽ നീ പറയും: കർത്താവിനു നന്ദിപറയുവിൻ. അവിടുത്തെ നാമം വിളിച്ചപേക്ഷിക്കുവിൻ. ജനതകളുടെ ഇടയിൽ അവിടുത്തെ പ്രവൃത്തികൾ വിളംബരം ചെയ്യുവിൻ. അവിടുത്തെനാമം ഉന്നതമാണെന്ന് ഉദ്ഘോഷിക്കുവിൻ

361. **സങ്കീ 9:1**

പൂർണഹൃദയത്തോടെ ഞാൻ കർത്താവിനു നന്ദിപറയും; അവിടുത്തെ അദ്ഭുതപ്രവൃത്തികൾ ഞാൻ വിവരിക്കും.

362. **സങ്കീ 107:1**

കർത്താവിനു നന്ദിപറയുവിൻ; അവിടുന്നു നല്ലവനാണ്; അവിടുത്തെ കാരുണ്യം എന്നേക്കും നിലനിൽക്കുന്നു.

363. **സങ്കീ 7:17**

കർത്താവിൻെറ നീതിക്കൊത്തു ഞാൻ അവിടുത്തേക്കു നന്ദിപറയും; അത്യുന്നതനായ കർത്താവിൻെറ നാമത്തിനു ഞാൻ സ്തോത്രമാലപിക്കും.

364. **സങ്കീ 28:7**

കർത്താവ് എൻെറ ശക്തിയും പരിചയുമാണ്; കർത്താവിൽ എൻെറ ഹൃദയം ശരണംവയ്ക്കുന്നു, അതുകൊണ്ട് എനിക്കു സഹായം ലഭിക്കുന്നു, എൻെറ ഹൃദയം ആനന്ദിക്കുന്നു, ഞാൻ കീർത്തനമാലപിച്ച് അവിടുത്തോടു നന്ദിപറയുന്നു

365. **സങ്കീ 69:30**

ഞാൻ ദൈവത്തിൻെറ നാമത്തെ പാടിസ്തുതിക്കും, കൃതജ്ഞതാസ്തോത്രത്തോടെ ഞാൻ അവിടുത്തെ മഹത്വപ്പെടുത്തും.